നിയമ സംസ്കാര കേന്ദ്രത്തിന്റെ

# ജനനീതി

3.00 ക.

# ക്രിമിനലുകൾക്കെതിരെ




തിരഞ്ഞെടുപ്പിൽ മത്സരിക്കാൻ ക്രിമിനലുകളെ അനുവദിക്കുന്നതിൽ പ്രതിഷേധിച്ചുകൊണ്ട് ഒരു സന്നദ്ധ സംഘടനയിലെ പ്രവർത്തകർ ദൽഹിയിൽ നടത്തിയ പ്രകടനം.

146

ജൂൺ 2009

# വൈറ്റ്ലി അവാഡ് ഡോ. മധുസൂദനന്ന്

**ഇ**ക്കൊല്ലത്തെ വൈറ്റ്ലി അവാഡിന്ന് മൈസൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന പ്രകൃതി സംരക്ഷണ ഫൗണ്ടേഷന്റെ ഡയറക്ടറായ ഡോ. എം.ഡി. മധുസൂദനൻ തിരഞ്ഞെടുക്കപ്പെട്ടു. പശ്ചിമഘട്ടത്തിൽ മനുഷ്യരും വന്യജീവികളും തമ്മിലുള്ള ഏറ്റുമുട്ടലുകൾ കുറയ്ക്കാൻ നടത്തിയ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമാണ് 30000 പവന്റേതായ ഈ അവാർഡ്.


ഡോ. എം.ഡി. മധുസൂദനൻ

അന്താരാഷ്ട്ര പ്രകൃതി സംരക്ഷണ അവാർഡുകളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് വൈറ്റ്ലി അവാർഡ്.

മൈസൂർ സർവ്വകലാശാലയുടെ യുവരാജാസ് കോളേജിൽനിന്ന് ബി.എസ്.സി. ബിരുദം നേടിയ മധുസൂദനൻ ദഹ്റാദൂണിലെ ഇന്ത്യൻ വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ടിൽനിന്നാണ് മാസ്റ്റർ ബിരുദം നേടിയത്.

നീലഗിരി ബയോസ്ഫിയർ മേഖലയിലാണ് മധുസൂദനൻ കാര്യമായ പ്രവർത്തനം നടത്തിയിട്ടുള്ളത്. ഫൗണ്ടേഷന്റെ ഇതുവരെയുള്ള പ്രവർത്തനത്തിന്റെ അംഗീകാരമായി ഈ അവാർഡ് കണക്കാക്കപ്പെടുന്നു.

വന്യജീവി സംരക്ഷണ പ്രവർത്തനങ്ങൾക്കും ഇതിന്നകം നേടിയ വിവരങ്ങൾ സമാഹരിക്കുന്നതിന്നും സമ്മാനത്തുക ചെലവാക്കും.

ഡോ. മധുസൂദനന്നുപുറമെ രണ്ടുപേർക്ക് അസോഷ്യേറ്റ് അവാർഡുകളും നൽകപ്പെട്ടിട്ടുണ്ട്. കിഴക്കൻ ഹിമാലയത്തിലെ ഒരപൂർവ്വതരം വൃക്ഷം സംരക്ഷിക്കുന്നതിനുള്ള സുദീപ്ത ചാറ്റർജിയുടെ പദ്ധതി നടപ്പാക്കാൻ പതിനായിരം പവന്റെ ഒരു അസോഷ്യേറ്റ് അവാർഡ് നൽകപ്പെട്ടു.

കാഞ്ചീപുരത്ത് ഡോൾഫിനുകളേയും കടലാമകളേയും സംരക്ഷിക്കുന്നതിന്ന് ജനപിന്തുണയോടുകൂടിയ ഒരു പദ്ധതി നടപ്പാക്കാൻ സുപ്രജാ ധരിണിക്കും പതിനായിരം പവന്റെ അസോഷ്യേറ്റ് അവാർഡ് നൽകപ്പെട്ടു. ❑



ജനനീതി

ജൂൺ 2009
**146**

പത്രാധിപർ:
**ടി.വി. അച്ചുതവാരിയർ**

പത്രാധിപസമിതി:
**കെ.ജി. ശങ്കരപ്പിള്ള**
**സി.പി. ഗംഗാധരൻ**
**ഫ്രാൻസീസ് സേവ്യർ**
**പി.എസ്. മനോജ്കുമാർ**
**പി.എൻ. ഗോപീകൃഷ്ണൻ**
**എൻ.എൻ. ഗോകുൽദാസ്**
**ജോർജ്ജ് പുലികുത്തിയിൽ**

**ജനനീതി**
**പി.ബി. നമ്പർ 8**
**തോട്ടപ്പടി, മണ്ണുത്തി പോസ്റ്റ്**
**തൃശൂർ – 680 651**
Tel :-487 2373479, 2373281
Fax:-487- 2373281
E-mail: gpneethi@sancharnet.in
Web: www.jananeethi.org

എഡിറ്റോറിയൽ

# ഭരണാധികാരം രാഷ്ട്രീയ നേട്ടത്തിന് ഉപയോഗിച്ചാൽ!

**ലോ**കത്തിലെ ഏറ്റവും വലിയ ജനാധിപത്യമെന്നൊക്കെ നാം അഭിമാനം കൊള്ളാറുള്ള ഇന്ത്യയിലെ പൊതുതിരഞ്ഞെടുപ്പ് ഒരു വിധത്തിൽ അവസാനിച്ചു. ജയിച്ചുവരുന്നവരിലധികവും പണച്ചാക്കുകളോ ക്രിമിനൽ പുള്ളികളോ ആയിരിക്കും; തോറ്റവരിലും ഭൂരിപക്ഷം ഈ വർഗ്ഗങ്ങൾ തന്നെ. കാരണം ഒരു സാധാരണക്കാരന്നിവിടെ തിരഞ്ഞെടുപ്പിൽ മത്സരിക്കാനുള്ള സാഹചര്യമില്ലാതായിട്ട് കാലമേറെയായി. അധികാര ദുരുപയോഗവും അഴിമതിയും തിമർത്താടുന്ന ഒരു നാട്ടിൽ ജനാധിപത്യമെങ്ങനെ വളരാനാണ്?

ഇതൊന്നും സിനിസിസമല്ല. ഈ ചോദ്യങ്ങൾക്കെല്ലാം നാം നാളെ ഉത്തരം കണ്ടെത്തേണ്ടിവരും. ഇന്ത്യയിൽ കള്ളപണം സമ്പാദിച്ചുകൂട്ടിയ ഉദ്യോഗസ്ഥരും അനുദ്യോഗസ്ഥരും ആയിരക്കണക്കിന്നുവരും. ഇതിൽ ഭീമമായൊരു ഭാഗം സ്വിസ്സ് ബാങ്കുകളിലെ രഹസ്യ നിക്ഷേപങ്ങളിലിട്ടിരിക്കുകയാണ്. ഗവർമ്മേണ്ട് ചോദിക്കേണ്ടതുപോലെ ചോദിച്ചാൽ ഇതിന്റെ വിവരമെല്ലാം കിട്ടും. പക്ഷെ അധികൃതർ ചോദിക്കില്ല. രഹസ്യനിക്ഷേപങ്ങൾ പുറത്തുകൊണ്ടുവരാൻ ചുമതലപ്പെട്ടവർതന്നെ നിക്ഷേപകരാണെന്നു വരുമ്പോൾ മറിച്ചൊരു വിധത്തിൽ സംഭവിക്കില്ല. ചെറിയൊരു അഴിമതിക്കേസായ ബോഫോഴ്സ് കുംഭകോണം പുറത്തുകൊണ്ടുവരാൻപെട്ട പാടോർത്താൽ ആയിരമായിരം കോടികളുടേതായ ഈ കള്ളപ്പണക്കാര്യം ഊഹിക്കാവുന്നതേയുള്ളൂ.

എന്തിന്ന് നാം വിദേശത്തുപോയി അലഞ്ഞുതിരിയണം? ഈ ഇന്ത്യക്കകത്തുതന്നെ എന്തെല്ലാം നടക്കുന്നു! കർണ്ണാടകത്തിലൊരു ലോക്പാൽ ഉണ്ട്. (മറ്റു സംസ്ഥാനങ്ങളിലും

ഉണ്ടെങ്കിലും ഇവരുടെ വാർത്തകളേ പത്രങ്ങളിൽ കാണാറുള്ളൂ.) കർണ്ണാടക ലോകപാൽ മാസംതോറും വേട്ടനടത്തും. ഉദ്യോഗസ്ഥന്മാർ അഴിമതിയിലൂടെ സമ്പാദിച്ചുകൂട്ടിയ കോടികളുടെ വിവരം അവർ പുറത്തുകൊണ്ടുവരും. പക്ഷെ അതോടെ തീർന്നു. ഉദ്യോഗസ്ഥന്മാരെ പ്രോസിക്യൂട്ട് ചെയ്യാൻ ഗവർമ്മേണ്ടിന്റെ അനുമതി വാങ്ങണമെന്നാണ് നിയമം. ഗവർമ്മേണ്ടിന്ന് എത്ര തവണ എഴുതിയാലും പ്രതികരണമുണ്ടാവില്ല. ഇതിൽ രാഷ്ട്രീയമില്ല; കോൺഗ്രസ് ഭരിക്കുമ്പോഴും ജനതാദളം ഭരിച്ചപ്പോഴും ബി.ജെ.പി. ഭരിച്ചപ്പോഴും സ്ഥിതി തഥൈവ. ഇത് കർണ്ണാടകത്തിന്റെ പ്രത്യേകതയല്ല. എല്ലാ സംസ്ഥാനങ്ങളിലും ഇതാണ് സ്ഥിതി.

പോലീസിന്റെ സ്ഥിതി ഇതിലും കഷ്ടമാണ്. ഇന്ത്യയിൽ അനേകംതരം പോലീസുണ്ട്. അതിൽ തനി തങ്കമാണ് സി.ബി.ഐ. എന്നാണ് സങ്കൽപം. പക്ഷെ കുറെ കാലമായി സി.ബി.ഐ. യുടെ തൊഴിൽ കേന്ദ്ര ഗവർമ്മേണ്ടിന്നു വേണ്ടി വേട്ടനടത്തലാണ്. സംസ്ഥാനങ്ങളിലെ പോലീസിന്റെ പണി സംസ്ഥാനത്തെ ഭരണകക്ഷിക്കുവേണ്ടി വേട്ട നടത്തലാണെന്ന് എല്ലാവർക്കുമറിയാം. കോൺഗ്രസ് ഭരിക്കുമ്പോൾ പോലീസ് കോൺഗ്രസ്സിന്റെ കരുവാകും; കമ്യൂണിസ്റ്റുകാർ ഭരിക്കുമ്പോൾ അതേ പോലീസ് കമ്യൂണിസ്റ്റുകാരുടെ കരുവാകും. വിവിധ സംസ്ഥാനങ്ങളിൽ വിവിധ കക്ഷികൾ ഭരണമേറ്റതിനാൽ ഇപ്പോൾ പോലീസിന്നു 'അവസരോചിതമായി' പെരുമാറേണ്ടിവരുന്നുണ്ട്. ഇതുതന്നെയാണ് സി.ബി.ഐ.യുടേയും കഥ.

എല്ലാ സംസ്ഥാനങ്ങളിലും ഉദ്യോഗസ്ഥന്മാർ അഴിമതി നടത്താറുണ്ട്. എന്നാൽ അതിന്റെ പേരിൽ ഒരു മുഖ്യമന്ത്രിക്കെതിരെ കേസെടുത്ത ഒരൊറ്റ സംഭവമേയുള്ളൂ - ബീഹാറിൽ ലാലു പ്രസാദ് യാദവിനെതിരെ! സി.ബി.ഐ. അന്ന് എന്തെല്ലാം കോമാളിത്തരങ്ങളാണ് കാണിച്ചത്! ലാലു പ്രസാദിനെ അറസ്റ്റ് ചെയ്യുമ്പോഴുണ്ടാകുന്ന പ്രശ്നത്തെ നേരിടാൻ അവർ പട്ടാളസഹായംവരെ തേടി! ഭാഗ്യംകൊണ്ട് പട്ടാളമേധാവികൾക്ക് അല്പം വകതിരിവുണ്ടായിരുന്നു. കലക്ടർ വിളിച്ചാലേ തങ്ങൾക്ക് വരാൻപറ്റൂ എന്നവർ മറുപടി നൽകി!

ഇന്നും ഇതുതന്നെയാണ് സ്ഥിതി. 1984ൽ സിക്കുകാർക്കെതിരെ ദൽഹിയിൽ നടന്ന കൂട്ടക്കൊലക്കുത്തരവാദികളെന്ന് പരക്കെ കരുതപ്പെടുന്ന ടൈറ്റ്ലർക്കും സജ്ജൻകുമാറിന്നുമെതിരെ ഒരു തെളിവുമില്ലെന്ന് ഈയിടെ കോടതിയിൽ എഴുതിക്കൊടുത്തത് സി.ബി.ഐ. ആണ്. അനേകം ദൃക്സാക്ഷികളുണ്ടായിരുന്നിട്ടും അവരെ ചോദ്യം ചെയ്യാൻപോലും മെനക്കെടാതെ കോടതിയിൽ ഇത്തരമൊരു വാറോല എഴുതിക്കൊടുത്തത് ഇവർക്ക് കോൺഗ്രസ്സ് സ്ഥാനാർത്ഥികളായി നോമിനേഷൻ സമർപ്പിക്കാൻ വേണ്ടിയായിരുന്നുവെന്ന് വ്യക്തം.

കേരളത്തിൽ ഇത്തരം സംഭവങ്ങൾക്ക് കയ്യും കണക്കുമില്ല. സി.ബി.ഐ. മാത്രമല്ല, സാധാരണ പോലീസും ഉദ്യോഗസ്ഥന്മാരുമെല്ലാം ഈ ഗണത്തിൽപെടുന്നു. പ്രോസിക്യൂട്ടർമാർ കണ്ണടച്ചതുമൂലം വിട്ടുപോകുന്ന കേസുകളെത്രയാണ്; ഗവർമ്മേണ്ടിന്ന് നഷ്ടപ്പെട്ട വനഭൂമി എത്രയാണ്! ഭരണത്തിന്നുപയോഗിക്കേണ്ട ശക്തമായ കരുക്കളെ രാഷ്ട്രീയ നേട്ടങ്ങൾക്കായി ദുരുപയോഗപ്പെടുത്തുമ്പോൾ തകർന്നുപോകുന്നത് നമ്മുടെ ജനാധിപത്യമാണ്. അഴിമതിക്കാരോട് ഇതിനെപ്പറ്റി സംസാരിച്ചിട്ട് ഒരു കാര്യവുമില്ല. ജനാധിപത്യമെന്നല്ല, എന്തു "പത്യം"തകർന്നാലും അവർക്ക് നഷ്ടപ്പെടാനൊന്നുമില്ല. അനേകം തലമുറകൾക്ക് വേണ്ടതെല്ലാം സമ്പാദിച്ചുകൂട്ടിയവരാണവർ. ജനാധിപത്യം പോയി സ്വേഛാധിപത്യം വന്നാലും അഴിമതിക്കാർ രക്ഷപ്പെടും. എന്നാൽ ഇന്നാട്ടിലെ പാവങ്ങൾക്ക് മേൽഗതിക്കുള്ള ഒരേഒരു മാർഗ്ഗം ജനാധിപത്യമാണ്. ❏



# ഒരു പത്രാധിപർ സ്വയം എഴുതിവച്ച ചരമക്കുറിപ്പ്

**- ലസന്ത വിക്രമതുംഗ -**

*(ശ്രീലങ്കയിലെ "സൺഡേ ലീഡർ" പത്രത്തിന്റെ പത്രാധിപരായ ലസന്ത വിക്രമതുംഗ ജനുവരി എട്ടാം തിയ്യതി അജ്ഞാതരുടെ തോക്കിന്നിരയായി മരിച്ചു. തനിക്കു സംഭവിക്കാൻ പോകുന്ന മരണത്തെക്കുറിച്ച് അദ്ദേഹം എഴുതിവച്ചിരുന്ന ചരമക്കുറിപ്പ് ജനുവരി 11ന് പ്രസിദ്ധീകരിച്ചു. അതിന്റെ സംഗ്രഹം.)*

സൈനിക സേവനമൊഴിച്ച് ഒരു തൊഴിലും തൊഴിലെടുക്കുന്നവന്റെ ജീവനെ ബലിയായി ആവശ്യപ്പെടുന്നില്ല. എന്നാൽ ശ്രീലങ്കയിൽ മറ്റൊന്നു കൂടിയുണ്ട് - പത്രപ്രവർത്തനം. കഴിഞ്ഞ ചില വർഷങ്ങൾക്കിടയിൽ ശ്രീലങ്കയിലെ സ്വതന്ത്ര മാധ്യമങ്ങൾ ആക്രമണത്തിന്നിരയായിക്കൊണ്ടിരിക്കുകയാണ്. എലക്ട്രോണിക് മാധ്യമങ്ങൾ നടത്തുന്ന സ്ഥാപനങ്ങളും പലതവണ കൊള്ളിവയ്പ്പിന്നരയായിട്ടുണ്ട്; പല തവണ ബോംബാക്രമണത്തിന്ന് വിധേയമായിട്ടുണ്ട്; സമ്മർദ്ദങ്ങൾക്കേറെ വിധേയമായിട്ടുണ്ട്. വേട്ടയാടപ്പെട്ട, ഭീഷണിപ്പെടുത്തപ്പെട്ട, കൊല്ലപ്പെട്ട, ജർണലിസ്റ്റുകൾക്ക് കയ്യും കണക്കുമില്ല. ഈ വകക്കെല്ലാം ഞാനും ഇരയാക്കപ്പെട്ടുവെന്നതിൽ ഞാൻ അഭിമാനിക്കുന്നു; ഞാനിന്ന് വധം കാത്തുകഴിയുകയാണ്.

ഞാനീ ജർണലിസം ബിസിനസ്സിൽ ഏർപ്പെട്ടിട്ട് കാലം കുറച്ചായി. 2009 "സൺഡേ ലീഡറി"ന്റെ പതിനഞ്ചാം വർഷമാണ്. ഈ കാലഘട്ടത്തിന്നിടയിൽ ശ്രീലങ്കയിൽ പല മാറ്റങ്ങളും സംഭവിച്ചിട്ടുണ്ട്. അതിലേറേയും മോശമായ നിലയിലേക്കായിരുന്നുവെന്ന് ഞാൻ നിങ്ങളോട് പറയേണ്ടതായിട്ടില്ല. നാമിന്ന് ക്രൂരമായൊരു ആഭ്യന്തര യുദ്ധത്തിന്റെ നടുവിലാണ്. ഇതിലുൾപ്പെട്ടിരിക്കുന്ന ഇരു കക്ഷികളുടേയും രക്തദാഹത്തിന്നറ്റമില്ല. ഭീകരന്മാർ വിതക്കുന്നതായാലും ശരി, സർക്കാർ വകയായാലും ശരി, ചുറ്റുമെങ്ങും ഭീകരതയാണ്. സ്വാതന്ത്ര്യത്തിന്റേതായ ഘടകങ്ങളെ നിയന്ത്രിക്കാൻ സർക്കാർ ഉപയോഗിക്കുന്ന പ്രധാന കരു കൊലപാതകമായിരിക്കുന്നു. ഇന്നു ഇരയാകുന്നത് ജർണലിസ്റ്റുകളാകാം; നാളെ ജഡ്ജിമാരായിരിക്കും കാരണം, രണ്ടു കൂട്ടർക്കും ആപൽസാധ്യത കൂടുതലാണ്.



ലസന്ത വിക്രമതുംഗ

അപ്പോൾ നാമിതിന്ന് മുതിരുന്നതെന്തിനാണ്? ഞാൻ പലപ്പോഴും അതാലോചിച്ച് അത്ഭുതപ്പെടാറുണ്ട്. എന്തൊക്കെയായാലും ഞാനുമൊരു ഭർത്താവാണ്; മൂന്നു ഓമനകളുടെ അച്ഛനാണ്. വക്കീലോ ജർണലിസ്റ്റോ ആകട്ടെ, തൊഴിലിന്നപ്പുറത്ത് ചില

ബാധ്യതകളും ഉത്തരവാദിത്വങ്ങളും എനിക്കുമുണ്ട്. അതൊക്കെ അപകടത്തിലാക്കി ഈ തൊഴിലിന്നിറങ്ങേണ്ട കാര്യമുണ്ടോ? പലരും ഈ പണി വേണ്ടെന്നാണ് പറയുന്നത്. ഈ പണി നിർത്തി വക്കീൽ പണിയിലേക്ക് മടങ്ങാൻ പലരും ഉപദേശിക്കുന്നു. അവിടെ വരുമാനം കൂടുതലുണ്ടാകും; സുരക്ഷിതത്വവും കൂടും. ഇരുഭാഗത്തുമുള്ള രാഷ്ട്രീയ നേതാക്കളടക്കം പലരും എന്നെ രാഷ്ട്രീയത്തിൽ ഇറക്കാൻ ശ്രമിച്ചിട്ടുണ്ട്. ഇഷ്ടമുള്ള മന്ത്രിപദം തരാമെന്ന്വരെ പറയുകയുണ്ടായിട്ടുണ്ട്. ശ്രീലങ്കയിൽ ജർണലിസ്റ്റുകൾ അഭിമുഖീകരിക്കുന്ന അപകടസാധ്യതകൾ അറിയാവുന്ന ചില നയതന്ത്ര പ്രതിനിധികൾ, ശ്രീലങ്കയിൽനിന്ന് പുറത്തു കടക്കാനും വിദേശത്ത് താമസമാക്കാനും സഹായിക്കാമെന്നു പറയാറുണ്ട്.

പക്ഷെ ഉദ്യോഗത്തേക്കാൾ, പ്രശസ്തിയേക്കാൾ, ധനത്തേക്കാൾ, സുരക്ഷിതത്വത്തേക്കാൾ-ഇതിനേക്കാളെല്ലാം പ്രധാനപ്പെട്ട ഒന്നുണ്ട്; മനസ്സാക്ഷിയുടെ കൽപ്പനയാണത്.

വളരെയേറെ വിവാദങ്ങൾക്കിടയാക്കിയ ഒന്നാണ് "സൺഡേ ലീഡർ". കാരണം ഞങ്ങൾ കണ്ടത് തുറന്നു പറയുന്നു. ഒരാൾ ശുദ്ധനാണെങ്കിൽ, കള്ളനാണെങ്കിൽ, കൊലപാതകിയാണെങ്കിൽ, അതങ്ങനെയാണെന്നുതന്നെ ഞങ്ങൾ പറയുന്നു. ഭംഗിവാക്കിന്റെ പിന്നിൽ ഒളിക്കാൻ ഞങ്ങൾ നിൽക്കാറില്ല. ഞങ്ങൾ അച്ചടിക്കുന്ന അന്വേഷണാത്മകമായ ഓരോ ലേഖനവും രേഖകളുടെ പിൻബലമുള്ളവയാണ്. പൗരബോധമുള്ള ആളുകൾ സ്വന്തം നില അപകടത്തിലാക്കിക്കൊണ്ടുപോലും ഞങ്ങൾക്ക് കൈമാറുന്നവയാണീ രേഖകൾ. ഞങ്ങൾ അഴിമതിക്കു പുറകെ അഴിമതികൾ പുറത്തുകൊണ്ടുവന്നിട്ടുണ്ട്. ഇക്കഴിഞ്ഞ 15 കൊല്ലത്തിന്നിടയിൽ ഒരിക്കൽ പോലും ഞങ്ങൾ പറഞ്ഞത് ശരിയല്ലെന്നു തെളിയിക്കാൻ ആർക്കും കഴിഞ്ഞിട്ടില്ല; ഞങ്ങൾക്കെതിരെ കേസെടുത്ത് ജയിക്കാനും ആർക്കും കഴിഞ്ഞിട്ടില്ല.

സ്വതന്ത്ര മാധ്യമങ്ങളെന്നു പറയുന്നത് ഒരു കണ്ണാടിയാണ്. പൊതുജനങ്ങൾക്കതിൽ തങ്ങളെ നോക്കിക്കാണാം. നിങ്ങളുടെ ഭരണകൂടത്തിന്റെ സ്ഥിതി എന്താണെന്ന് നിങ്ങൾക്കതിൽനിന്നു മനസ്സിലാക്കാം. നിങ്ങളുടെ കുട്ടികൾക്ക് മെച്ചപ്പെട്ട ഒരു ഭാവിയുണ്ടാക്കി കൊടുക്കുന്നതിന്നായി നിങ്ങൾ തിരഞ്ഞെടുത്തയച്ചവർ കാര്യങ്ങൾ എങ്ങനെ നടത്തുന്നുവെന്ന് നിങ്ങൾക്കതിൽനിന്ന് മനസ്സിലാക്കാം. ചിലപ്പോൾ നിങ്ങൾ കണ്ണാടിയിൽ കാണുന്ന പ്രതിഛായ ഒട്ടും സന്തോഷകരമായിരിക്കില്ല. നിങ്ങൾ നിങ്ങളുടെ ചാരുകസേരയിൽ കിടന്ന് ആ പ്രതിഛായയുടെ നേരെ മുഖം വിർപ്പിക്കുമ്പോൾ, നിങ്ങൾക്കുവേണ്ടി ആ കണ്ണാടി ഉയർത്തിപ്പിടിക്കുന്ന ജർണലിസ്റ്റുകൾ സ്വന്തം ജീവനെത്തന്നെ അപകടത്തിലാക്കിയാണ് അങ്ങനെ ചെയ്യുന്നത്. അതാണ് ഞങ്ങളുടെ തൊഴിൽ; അതിൽനിന്ന് ഞങ്ങൾ ഒഴിഞ്ഞുമാറില്ല.

ഓരോ പത്രത്തിന്നും അതിന്റേതായ വീക്ഷാഗതികളുണ്ടാകും. ഞങ്ങൾക്ക് ഞങ്ങളുടേതായ വിക്ഷാഗതിയുണ്ടെന്ന വസ്തുത ഞങ്ങൾ മറച്ചുവയ്ക്കുന്നില്ല. ശ്രീലങ്ക സുതാര്യമായ, മതേതരമായ, പുരോഗമനോന്മുഖമായ ജനാധിപത്യമായിരിക്കണം എന്നതാണ് ഞങ്ങളുടെ അഭിലാഷം. ഈ വാക്കുകളെക്കുറിച്ച് ചിന്തിക്കുക. കാരണം അവയിലോരോന്നും അർത്ഥഗർഭമാണ്.

ഗവർമ്മേണ്ട് സുതാര്യമായിരിക്കണമെന്നു പറയുമ്പോൾ ജനങ്ങളോട് തീർത്തും ഉത്തരവദപ്പെട്ടിരിക്കണമെന്നാണർത്ഥം. ജനങ്ങളുടെ വിശ്വാസത്തെ ദുരുപയോഗപ്പെടുത്തരുത്.

നമ്മെയെല്ലാം യോജിപ്പിച്ചു നിർത്താൻ കഴിവുള്ള ഒരേയൊരു ഘടകം മതേതരത്വമാണ്. കാരണം ശ്രീലങ്കയിൽ പല വംശക്കാരുണ്ട്. പല സംസ്കാരങ്ങളുള്ള സമൂഹമുണ്ട്. ഇവയ്ക്കെല്ലാം പൊതുവായുള്ളത് മതേതരത്വം മാത്രമാണ്. പുരോഗമനാത്മകം എന്നു പറയുന്നതിന്റെ കാരണം ഓരോ മനുഷ്യനും വ്യത്യസ്തനാണ്. നമ്മെപ്പോലെയാകണം മറ്റുള്ളവർ എന്നു കരുതിയാൽ പറ്റില്ല.

പിന്നെ ജനാധിപത്യം. ഞാനത് വിസ്തരിച്ചു തരണമെന്ന് നിങ്ങൾ കരുതുന്നുവെങ്കിൽ, ഈ പത്രം വാങ്ങുന്നത് നിർത്തുകയാണ് ഭേദം.

ഭൂരിപക്ഷ ജനവിഭാഗത്തിന്റെ വീക്ഷാഗതികളെ കണ്ണുമടച്ച് പിന്താങ്ങിക്കൊണ്ട് സുരക്ഷിതത്വമുണ്ടാക്കാൻ "സൺഡേ ലീഡർ" ഒരിക്കലും ശ്രമിച്ചിട്ടില്ല. വാസ്തവം പറയട്ടെ, പത്രം വിൽക്കാനുള്ള മാർഗ്ഗം ഭൂരിപക്ഷത്തെ പിന്താങ്ങലാണ്. നേരെമറിച്ച് ഭൂരിപക്ഷത്തിന്ന് രുചിക്കാത്ത പലതും ഞങ്ങൾ എഴുതാറുണ്ട്. ഉദാഹരണത്തിന്ന്, വിഭാഗീയത ഭീകരപ്രവർത്തനത്തെ പിഴുതെറിയേണ്ടതാണെങ്കിലും ആ ഭീകരതയ്ക്ക് കാരണമായിത്തീരുന്ന വിഷയങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകണമെന്ന് ഞങ്ങൾ പറയാറുണ്ട്. ശ്രീലങ്കയിലെ വംശീയ പ്രശ്നത്തെ ഭീകരതയായി കാണുന്നതിന്നു പകരം അതിനെ ചരിത്രപരമായി കാണണമെന്ന് ഞങ്ങൾ ആവശ്യപ്പെടാറുണ്ട്. ഭീകരതക്കെതിരായ യുദ്ധം എന്നു പറഞ്ഞുകൊണ്ട് സർക്കാർതന്നെ ഭീകര പ്രവർത്തനം നടത്തുന്നതിനേയും ഞങ്ങൾ എതിർക്കാറുണ്ട്. സ്വന്തം പൗരന്മാരുടെ തലയിൽ നിരന്തരം ബോംബിടുന്ന ലോകത്തിലെ ഒരേയൊരു രാജ്യം ശ്രീലങ്കയാണെന്ന് ഞങ്ങൾ ചൂണ്ടിക്കാട്ടാറുണ്ട്. ഇങ്ങനെയൊക്കെ എഴുതുന്ന ഞങ്ങൾ രാജ്യദ്രോഹികളാണെന്ന് കുറ്റപ്പെടുത്താറുണ്ട്. ഇത് രാജ്യദ്രോഹമാണെങ്കിൽ ഞങ്ങളതിൽ അഭിമാനിക്കുന്നു.

"സൺഡേ ലീഡർ" ഇങ്ങനെയെല്ലാം എഴുതുന്നത് രാഷ്ട്രീയ ലക്ഷ്യത്തോടെയാണെന്ന് ചിലർ സംശയിക്കുന്നു; തെറ്റാണത് ഞങ്ങൾ പ്രതിപക്ഷത്തെയെന്നതിനേക്കാൾ സർക്കാരിനെ വിമർശിക്കുന്നുണ്ടെങ്കിൽ കാരണം വ്യക്തം. ക്രിക്കറ്റിൽ ബാറ്റ് ചെയ്യുന്ന ആളുടെ നേരെയാണ് പന്തെറിയുക; ഫീൽഡ് ചെയ്യുന്ന ആളുടെ നേരെ പന്തെറിഞ്ഞിട്ടെന്താണ് കാര്യം?

ഇന്നത്തെ യുദ്ധത്തിൽ ഞങ്ങൾ അഹിതം കാണിക്കുന്നുണ്ടെങ്കിൽ, അത് പുലികളെ പിൻതാങ്ങുന്നുവെന്നതുകൊണ്ടല്ല. ഈ ഭൂഗോളത്തിലുണ്ടായിട്ടുള്ള ഏറ്റവും രക്തദാഹിയായ സംഘടനയാണ് എൽ.ടി.ടി.ഇ. അതിനെ നശിപ്പിക്കണമെന്നതിൽ സംശയമില്ല. പക്ഷെ അതു ചെയ്യുന്നത് തമിഴ് പൗരന്മാരുടെ അവകാശങ്ങളെ ധ്വംസിച്ചുകൊണ്ടാകരുത്. തമിഴ് പൗരന്മാരെ ബോംബിട്ട് തകർക്കുന്നതും വെടിവച്ചു കൊല്ലുന്നതും തെറ്റാണെന്നു മാത്രമല്ല, സിംഹളർക്ക് ലജ്ജാവഹവുമാണ്. ധർമ്മരക്ഷകരാണെന്ന് അവകാശപ്പെടുന്ന സിംഹളർ ഈ കിരാതത്വമൊന്നും സെൻസർഷിപ്പ് മൂലം അറിയുന്നില്ല.

അതുമാത്രമല്ല, രാജ്യത്തിന്റെ വടക്കു ഭാഗങ്ങളും കിഴക്കു ഭാഗവും പട്ടാളം കയ്യടക്കിയാൽ തന്നെ, ആ പ്രദേശങ്ങളിലെ ജനങ്ങൾ എന്നന്നേക്കും രണ്ടാംകിട പൗരന്മാരായി കഴിയേണ്ടിവരും. യുദ്ധാനന്തര പുനർ നിർമ്മാണം കൊണ്ടും വികസനം കൊണ്ടും തമിഴരെ സന്തോഷിപ്പിക്കാമെന്ന വ്യാമോഹം വേണ്ട. യുദ്ധമുണ്ടാക്കിയ വടുക്കെട്ടുകൾ എന്നെന്നേക്കും നിലനിൽക്കും. മാത്രമല്ല ശ്രീലങ്കക്കു പുറത്തുള്ള രാജ്യങ്ങളിലെ തമിഴരുടെ വൈരാഗ്യം കൂടുകയേയുള്ളൂ. ഞാൻ ശുണ്ഠിയെടുക്കുന്നുണ്ടെങ്കിൽ, നൈരാശ്യം പ്രകടിപ്പിക്കുന്നുണ്ടെങ്കിൽ, അതിന്റെ കാരണം ഈ ചുമരെഴുത്തു കാണാൻ എന്റെ നാട്ടുകാരിൽ മിക്കവരും സർക്കാർ പാടേയും കൂട്ടാക്കുന്നില്ല എന്നതുകൊണ്ടാണ്.

രണ്ടുതവണ എന്നെ ക്രൂരമായി മർദ്ദിക്കുകയുണ്ടായി. ഒരിക്കൽ എന്റെ വീടിന്റെ നേരെ യന്ത്രത്തോക്കുകൊണ്ട് വെടിവർഷം നടത്തി. ഗവർമ്മേണ്ട് വലിയ വാഗ്ദത്തങ്ങളെല്ലാം നടത്തിയെങ്കിലും ഈ അതിക്രമങ്ങൾ സംബന്ധിച്ച് ഗൗരവമായ ഒരന്വേഷണവും നടന്നിട്ടില്ല. അക്രമികളെ ഒരിക്കലും പിടികൂടുകയുമുണ്ടായില്ല. ഈ അക്രമങ്ങൾക്കെല്ലാം പിന്നിലുള്ളത് സർക്കാർ പിരിവച്ചുവിട്ട ചിലരാണെന്നു വിശ്വസിക്കാൻ എനിക്കു കാരണമുണ്ട്. അവസാനം ഞാൻ കൊല്ലപ്പെടുമ്പോൾ, അതിന്റെ പിന്നിൽ സർക്കാർതന്നെയായിരിക്കും. ❑

# ക്രിമിനലുകളും കോടീശ്വരന്മാരും പാർലിമെന്റിൽ




**ഇ**ത്തവണത്തെ പാർലിമെന്റ് തിരഞ്ഞെടുപ്പിൽ 8070 സ്ഥാനാർത്ഥികൾ മത്സരിക്കുകയുണ്ടായി. ഇവർ 369 പാർട്ടികളിൽ പെട്ടവരായിരുന്നു. ഇതിൽ 36 പാർട്ടികൾക്കുമാത്രമേ ഒരാളെയെങ്കിലും ജയിപ്പിക്കാൻ കഴിഞ്ഞുള്ളൂ – അതായത് 333 പാർട്ടികൾക്ക് ഒരാളെപ്പോലും പാർലിമെന്റിൽ അയക്കാനായില്ല.

സ്ഥാനാർത്ഥികൾ നോമിനേഷൻ പത്രത്തോടൊപ്പം സമർപ്പിച്ച സത്യവാങ്മൂലത്തിലൂടെ ഒന്നു കണ്ണോടിച്ചാൽ ഫലം പ്രഖ്യാപിച്ചുകഴിഞ്ഞ 533 പേരിൽ ക്രിമിനൽകേസിലെ പ്രതികളായ 150 പേരെങ്കിലുമുണ്ട്.

2004നെ അപോക്ഷിച്ച് ക്രമിനൽ എം.പി.മാരുടെ എണ്ണം ഇത്തവണ വർധിച്ചിരിക്കുകയാണ്. 2004ൽ 128 പേർ മാത്രമേ ക്രിമിനൽ കേസുകളിലെ പ്രതികളായിട്ടുണ്ടായിട്ടുണ്ടായിരുന്നുള്ളൂ. ക്രിമിനൽ എം.പി.മാരുടെ എണ്ണം 17 ശതമാനം കണ്ട് വർധിച്ചുവെന്നു പറയാം.

എറ്റവുമധികം ക്രിമിനൽ കേസുകളിൽ പ്രതിയായിട്ടുള്ള ആൾ ഗുജറാത്തിൽനിന്നുള്ള കോൺഗ്രസ് എം.പി. യായ വിത്തൽഭായ് ഹംസരാജഭായ് റഡാഡിയയാണ്. ഇദ്ദേഹത്തിന്നെതിരെ 16 ക്രിമിനൽകേസ് നിലവിലുണ്ട്.

പീനൽകോഡ് പ്രകാരം ഏറ്റവുമധികം സിവിൽ കേസുകളിൽ പ്രതിയായിട്ടുള്ളത് ബീഹാറിലെ ജഹാനാബാദിൽനിന്ന് തിരഞ്ഞെടുക്കപ്പെട്ട ജനതാദളം (യു) എം.പി.യായ ജഗദീശ് ശർമ്മയാണ്.

ഏറ്റവുമധികം ക്രമിനൽ എം.പി.മാരുള്ളത് ബി.ജെ.പി.യിലാണ് – 42 എം.പി.മാർ; തൊട്ടുപിന്നിലായി കോൺഗ്രസ്സുണ്ട് – 41 എം.പി.മാർ. സമാജ് വാദി പാർട്ടിക്കുള്ള 23 എം.പി.മാരിൽ എട്ടു പേരും ക്രിമിനലുകളാണ്.

സംസ്ഥാനങ്ങൾ തിരിച്ചുപറഞ്ഞാൽ ക്രിമിനൽ എം.പി.മാരുടെ കാര്യത്തിൽ ഒന്നാം സ്ഥാനം യു.പി.ക്കാണ് – 31 പേർ. മഹാരാഷ്ട്ര എം.പി.മാരിൽ 23 പേർ ക്രിമിനൽ പ്രതികളാണ്. ബീഹാറിൽനിന്നുള്ള എം.പി.മാരിൽ 17 പേരും ആന്ധ്രക്കാരിൽ 11 പേരും ഗുജറാത്തികളിൽ 11 പേരും ക്രിമിനൽ കേസുകളിലെ പ്രതികളാണ്.

സാമ്പത്തികമായി പറഞ്ഞാൽ നമ്മുടെ 540 എം.പി.മാരിൽ 300 പേരും കോടീശ്വരന്മാരാണ്. കഴിഞ്ഞ ലോകസഭയിൽ കോടീശ്വരന്മാർ 154 മാത്രമേ ഉണ്ടായിരുന്നുള്ളൂ.

ആന്ധ്രയിലെ ഖമ്മാലിൽനിന്ന് തിരഞ്ഞെടുക്കപ്പെട്ട തെലുങ്കുദേശക്കാരനായ നാഗേശ്വരറാവുവാണ് ഏറ്റവും സമ്പന്നനായ എം.പി. – അദ്ദേഹത്തിന്ന് 173 കോടി ക.യുടെ സമ്പത്തുണ്ടെന്ന് അദ്ദേഹത്തിന്റെ സത്യവാങ്മൂലത്തിൽ പറയുന്നു. രണ്ടാം സ്ഥാനം ഹരിയാനയിലെ കുരുക്ഷേത്രത്തിൽനിന്നു ജയിച്ച കോൺഗ്രസ്സുകാരനായ ജിൻഡാലിന്നാണ് – 131 കോടി ക.

നാഷണൽ എലക്ഷൻ വാച്ച് എന്ന സംഘടന നോമിനേഷൻ പേപ്പറിനോടൊപ്പം സമർപ്പിച്ച സത്യവാങ്മൂലങ്ങൾ പരിശോധിച്ച് തയ്യാറാക്കിയ കണക്കുകളാണിവ. ❑

# വോട്ടിന്ന് നോട്ട്: ജനാധിപത്യത്തിന്റെ മരണമണി

– എൻ. ഭാസ്കര റാവു –

**വോ**ട്ടിന്ന് നോട്ട് എന്നത് ഇന്ത്യൻ തിരഞ്ഞെടുപ്പിലെ ഒരു പ്രതിഭാസമായിക്കഴിഞ്ഞുവോ? അതോ ചില ഒറ്റപ്പെട്ട സംഭവങ്ങൾ മാത്രമാണോ ഇവ? വോട്ടിന്ന് നോട്ടെന്ന നടുക്കിക്കളയുന്ന പ്രതിഭാസം 2008 ൽ ലോകസഭയിൽതന്നെ നാം കണ്ടു. ഭീമമായ തുകകൾ കൊണ്ടുപോകുന്നതിന്റേയും വിതരണം ചെയ്യുന്നതിന്റേയും ഒരു ഡസൻ ടെലിവിഷൻ ദൃശ്യങ്ങളെങ്കിലും 2009 മാർച്ചിൽ നാം കാണുകയുണ്ടായി.

തിരഞ്ഞെടുപ്പു പ്രചരണമെല്ലാം അവസാനിച്ചശേഷമാണ് മുമ്പെല്ലാം നോട്ടുകെട്ടുകൾ പുറത്തെടുക്കാറുള്ളത്, ഇപ്പോൾ പോളിങ്ങിന്ന് ഒരു മാസം മുമ്പുതന്നെ പണം കൊണ്ടു കളി തുടങ്ങുന്നു.

മൂന്നു ഘട്ടങ്ങളിലായാണ് പണം വിതരണം ചെയ്യുന്നത്. (1) നോമിനേറ്റ് ചെയ്യപ്പെടാനാഗ്രഹിക്കുന്ന സ്ഥാനാർത്ഥികൾ പാർട്ടി നേതാക്കന്മാർക്ക് പണം നൽകുന്നു. (2) നോമിനേഷൻ സമർപ്പിക്കുന്നതിന്ന് തലേ ദിവസം സ്ഥാനാർത്ഥിക്കും പ്രവർത്തകർക്കും പണം നൽകുന്നു. (3) പോളിങ്ങിന്റെ തലേ ദിവസം വോട്ടർമാർക്കിടയിൽ വിതരണം ചെയ്യുന്നു.

ഇതു സംബന്ധിച്ച് കൃത്യമായ പഠനമൊന്നും നടത്തിയിട്ടില്ല. സെന്റർ ഫോർ മീഡിയ സ്റ്റഡീസ് (CMS) ഒരു പഠനം നടത്തുകയുണ്ടായി. പക്ഷെ അത് മൂന്നു വ്യത്യസ്ത പഠനങ്ങളായിരുന്നു. ദാരിദ്ര്യ രേഖക്കു താഴെയുള്ള കുടുംബങ്ങൾ ഉൾപ്പെട്ട അഴിമതി കണ്ടെത്തുന്നതിന്റെ ഭാഗമായി 2007 ൽ നടന്നതാണ് ഒരു പഠനം. വോട്ടു ചെയ്യുന്നതിന്ന് പ്രതിഫലമായി പണം കിട്ടിയിട്ടുള്ളവരുടെ ശതമാനം കണ്ടെത്താനായിരുന്നു പഠനം. 29 സംസ്ഥാനങ്ങളിലെ 23,000 ദരിദ്ര കുടുംബങ്ങളാണ് പഠനവിധേയമാക്കപ്പെട്ടത്.

വോട്ടിന്ന് നോട്ട് എന്നത് ദരിദ്ര കുടുംബങ്ങളെ മാത്രം ബാധിക്കുന്ന ഒരു കാര്യമല്ലെന്ന് ബോധ്യം വന്നതിനാൽ 2008 ൽ 19 സംസ്ഥാനങ്ങളിലെ 18000 വോട്ടർമാർക്കിടയിൽ മറ്റൊരു പഠനം നടത്തി. ഇതിന്നും പുറമെ മൂന്നാമതൊരു പഠനം നടന്നു. 2008 ഡിസം

ബറിൽ കർണാടകത്തിൽ കടുത്ത മത്സരം നടന്ന എട്ട് ഉപതിരഞ്ഞെടുപ്പുകളിൽ സ്ഥാനാർത്ഥികൾ എങ്ങനെ പണം നൽകി എന്നാതായിരുന്നു പഠന വിഷയം.

ഈ മൂന്നു സർവ്വേകളുടേയും ഫലം ചേർത്തു വച്ചു നോക്കിയപ്പോൾ വോട്ടർമാരിൽ നല്ലൊരു ശതമാനത്തിന്ന് പണം നൽകിയിട്ടുള്ളതായി ബോധ്യം വന്നു. മൊത്തത്തിൽ പറഞ്ഞാൽ ഉത്തരപ്രദേശിലും ബീഹാറിലും സ്ഥാനാർത്ഥികൾ കയ്യൂക്കിനെയാണ് കൂടുതൽ ആശ്രയിക്കുന്നതെങ്കിൽ, കർണാടകം, ആന്ധ്ര, തമിഴ്നാട് എന്നിവിടങ്ങളിൽ പണക്കൊഴുപ്പിന്നാണ് പ്രാധാന്യം. കൗതുകകരമെന്നു പറയട്ടെ ഈ തെക്കൻ സംസ്ഥാനങ്ങളിലാണ് രാഷ്ട്രീയ കക്ഷികൾ കൂടുതൽ അഭിപ്രായ വോട്ടെടുപ്പ് നടത്തിക്കാണുന്നത്. തിരഞ്ഞെടുപ്പു പ്രചരണത്തിന്നായി കൂടുതൽ ടെലിവിഷൻ പ്രചരണം നടത്തിയതും ഈ തെക്കൻ സംസ്ഥാനങ്ങളിലാണ്. വോട്ടിന്ന് നോട്ട് മാത്രമല്ല സാരി, മുണ്ട് തുടങ്ങിയ സാധനങ്ങൾ വിതരണം നടത്തുന്നതിലും ഇവരാണ് മുന്നിൽ.

വോട്ടിന്ന് നോട്ട് എന്ന പ്രതിഭാസം എല്ലാ വിഭാഗക്കാർക്കിടയിലും പ്രചരിച്ചിട്ടുള്ളതായും ഈ സർവ്വേകൾ തെളിയിച്ചു. അതിന്നു പ്രായഭേദമോ വരുമാന വ്യത്യാസമോ വിദ്യാഭ്യാസ വ്യത്യാസമോ ഗ്രാമ-നഗര വ്യത്യാസമോ ഒന്നും ബാധകമല്ല.

രാഷ്ട്രീയ കക്ഷികൾക്ക് കൂടുതൽ പ്രത്യയശാസ്ത്രപരമായ അടിയുറപ്പുണ്ടെങ്കിൽ, വോട്ടർമാർക്ക് കൂടുതൽ കക്ഷിബന്ധമുണ്ടെങ്കിൽ വോട്ടിന്ന് നോട്ട് എന്ന പ്രതിഭാസം കുറവാണ്. ഇടതുമുന്നണി ഭരിക്കുന്ന സംസ്ഥാനങ്ങളിലെ സ്ഥിതി ഇതു വ്യക്തമാക്കുന്നു.

കർണാടകം, തമിഴ്നാട്, ആന്ധ്ര എന്നീ സംസ്ഥാനങ്ങളിലെ വോട്ടർമാരിൽ കൂടുതൽ വലിയൊരു ശതമാനം വോട്ടിന്നായി നോട്ടു കിട്ടി എന്നു സമ്മതിക്കുകയുണ്ടായി. യു.പി. യിലും ബീഹാറിലും ഈ ശതമാനം കുറവാണ്. അതുപോലെ വോട്ടർമാർക്ക് നൽകുന്ന തുകയും ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലേതിനേക്കാൾ കുറവാണ്. യു.പി. യിലും ബീഹാറിലും.

ആന്ധ്രയിൽ ഇപ്പോൾ ലോകസഭാ തിരഞ്ഞെടുപ്പിനോടൊപ്പം നിയമസഭാ തിരഞ്ഞെടുപ്പും നടക്കുകയുണ്ടായി. ഇന്ത്യയിൽ ഇതിന്നു മുമ്പു നടത്തിയിട്ടുള്ള തിരഞ്ഞെടുപ്പുകളിൽ വച്ചേറ്റവും "ചെലവേറിയ" തിരഞ്ഞെടുപ്പാകണം ഇത്. വോട്ടർമാരിൽ ഏതാണ്ട് പകുതിക്കും, കുറഞ്ഞത് 500 രൂപയുടെ ഒരു നോട്ടെങ്കിലും കിട്ടും.

വോട്ടിന്നു പകരം കിട്ടുന്ന നോട്ട് വോട്ടർമാരെ എത്രത്തോളം സ്വാധീനിക്കുന്നുണ്ടെന്നും, തിരഞ്ഞെടുപ്പു ഫലത്തെ അതെത്രത്തോളം ബാധിക്കുന്നുണ്ടെന്നും അറിയാനുള്ള പഠനം നടന്നുകൊണ്ടിരിക്കുകയാണ്. ഇതു രണ്ടും രണ്ടാണ്. "സ്വാധീനം" എന്നതുകൊണ്ട് വോട്ടർമാർ എങ്ങനെ വോട്ടു ചെയ്യുന്നുവെന്നാണർത്ഥം; അല്ലെങ്കിൽ ആർക്ക് വോട്ടു ചെയ്യുന്നുവെന്ന്.

സ്വാധീനം മൂന്നു തരത്തിലാകാമെന്ന് പ്രാഥമിക പഠനം വ്യക്തമാക്കുന്നു. (1) പണം നൽകിയ സ്ഥാനാർത്ഥിക്ക് വോട്ട് ചെയ്യുക. (2) എത്ര സ്ഥാനാർത്ഥികളിൽ നിന്ന് പണം കിട്ടിയാലും സ്വാഭിപ്രായമനുമനുസരിച്ച് വോട്ടു ചെയ്യുക. (3) ചിലരെ മറ്റൊരു സ്ഥാനാർത്ഥിക്കു വോട്ടു ചെയ്യുന്നത് തടയാനായി സ്വയം വോട്ടു ചെയ്യാതിരിക്കുക. ഈ മൂന്നു തരത്തിലുള്ള സ്വാധീനവും പ്രകടമാണെങ്കിലും ഓരോ തരക്കാരും എത്രത്തോളം വരുമെന്ന് കണക്കാക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല.

എല്ലാതരം അഴിമതികളുടേയും ഉറവിടമാണ് വോട്ടിന്ന് നോട്ട് എന്ന ഏർപ്പാട്. അഴിമതിയെന്ന വിഷമ ചക്രം ആരംഭിക്കുന്നത് ഇവിടെയാണ്. തന്റെ വോട്ടിന്നായി സ്ഥാനാർത്ഥിയിൽ നിന്നും താൻ 10 ക. വാങ്ങുമ്പോൾ, ഒരു പൗരന്ന് അവകാശപ്പെട്ട അടിസ്ഥാന സേവനങ്ങൾ ലഭിക്കാനായി തനിക്കതിന്റെ പത്തിരട്ടി കൈക്കൂലി നൽകേണ്ടി വരുമെന്ന് ഒരു വോട്ടർ മനസ്സിലാക്കുന്നില്ല. അതായത് വോട്ടിന്ന് നോട്ടു വാങ്ങുമ്പോൾ അത് ഭരണ സംവിധാനത്തെ നേരിട്ടു ദുഷിപ്പിക്കുന്നു.

വോട്ടിന്നുവേണ്ടി നോട്ടു നൽകിയാലും അത് വോട്ടിങ് ശതമാനത്തെ ബാധിക്കുന്നതായി കാണുന്നില്ലെന്നതാണ് കൗതുക ജനകമായ മറ്റൊരു കാര്യം. വോട്ടർമാർ ആവശ്യപ്പെടുന്നതനുസരിച്ചല്ല നോട്ട് നൽകുന്നത് എന്ന അനുമാനത്തിലാണ് ഇതെത്തിക്കുന്നത്. സ്ഥാനാർത്ഥികൾ തമ്മിലുള്ള കിടമത്സരം മൂലം അവർ സ്വയം നോട്ടു നൽകുകയാണ്. മറ്റൊരു കാരണം സ്ഥാനാർത്ഥികളുടെ അപരിചിതത്വമാകണം. ജനങ്ങളുമായി ഒരു ബന്ധവുമില്ലാത്തവർ, നിയോജകമണ്ഡലത്തിൽ നിന്നും വളരെ അകലെ ജീവിക്കുന്നവർ, പെട്ടെന്ന് പണമുണ്ടാക്കിയവർ, കള്ളപ്പണം ധാരാളമുള്ളവർ - ഇത്തരക്കാരാണ് വോട്ടിന്ന് നോട്ടു നൽകുന്നത്. മത്സരാത്മക രാഷ്ട്രീയമെന്ന ഈ പ്രതിഭാസത്തെ മറ്റൊരു വിധത്തിലും വിശദീകരിക്കാനാവില്ല.

വോട്ടിന്നു നോട്ടെന്ന പ്രതിഭാസത്തിന്റെ മറ്റൊരു ഭവിഷ്യത്ത്, യഥാർത്ഥ ജനപ്രതിനിധികൾക്ക് തിരഞ്ഞെടുക്കപ്പെടാൻ ഒരവസരവും ലഭിക്കാതെ പോകുന്നുവെന്നതാണ്.

ഞങ്ങൾ നടത്തിയ അന്വേഷണങ്ങളുടേയും ചില ടെലിവിഷൻ ചാനലുകളിൽ വന്ന റിപ്പോർട്ടുകളുടേയും അടിസ്ഥാനത്തിൽ പറഞ്ഞാൽ, ഇക്കൊല്ലത്തെ തിരഞ്ഞെടുപ്പ് ചെലവ്, 2004 ലെ തെരഞ്ഞെടുപ്പു ചെലവിന്റെ അഞ്ചിരട്ടിയെങ്കിലും വരും.

തിരഞ്ഞെടുപ്പിൽ പണം വാരിവിതറുന്നതു തടയാനായി എലക്ഷൻ കമ്മീഷൻ ഈയിടെ ചിലനടപടികളെടുത്തിട്ടുണ്ട്. തിരഞ്ഞെടുപ്പു പ്രചരണത്തിലെ വിവിധ ചെലവുകൾ സൂക്ഷിക്കാനായി എലക്ഷൻ കമ്മീഷൻ "ചെലവു നിരീക്ഷകരെ" നിയമിച്ചിട്ടുണ്ട്. സ്ഥാനാർത്ഥികൾ തെരഞ്ഞെടുപ്പു പ്രചരണത്തിന്റെ ചെലവ് രണ്ടു തവണ സമർപ്പിക്കണം. തിരഞ്ഞെടുപ്പിന്നു ശേഷം സ്ഥാനാർത്ഥികൾ ചെലവു സംബന്ധിച്ച സ്റ്റേറ്റ്മെന്റ് സമർപ്പിക്കണമെന്നത് പണ്ടേയുള്ള നിയമമാണ്. ആരും അതു മാനിക്കാറില്ലെന്നു മാത്രം. ഇത്തവണ എലക്ഷൻ കമ്മീഷൻ ഗൗരവത്തിലാണ്. മുൻ തിരഞ്ഞെടുപ്പുകളിൽ ചെലവു സംബന്ധമായ സ്റ്റേറ്റ്മെന്റ് സമർപ്പിക്കാതിരുന്ന പലരേയും ഇത്തവണ തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിൽ നിന്നും അയോഗ്യരാക്കിയിട്ടുണ്ട്. 2008 ൽ കർണാടക നിയമസഭാ തിരഞ്ഞെടുപ്പുകാലത്ത് വോട്ടർമാർക്ക് വിതരണം ചെയ്യാനായി കൊണ്ടുപായിരുന്ന പണത്തിൽ നാൽപ്പതു കോടിയിൽ പരം രൂപ കമ്മീഷൻ പിടിച്ചെടുത്ത് കണ്ടുകെട്ടുകയുണ്ടായി. ഇതിന്നപ്പുറം എലക്ഷൻ കമ്മീഷൻ പിടിച്ചെടുത്ത് കണ്ടുകെട്ടുകയുണ്ടായി. ഇതിന്നപ്പുറം എലക്ഷൻ കമ്മീഷൻ എന്തെങ്കിലും നടപടിയെടുത്തതായി അറിയില്ല. എന്നാൽ പോലീസ് ജാഗരൂകമായിട്ടുണ്ട്. സർവ്വോപരി മാധ്യമങ്ങളുടെ ജാഗ്രത വോട്ടിനുള്ള നോട്ടിനെ പുറത്തുകൊണ്ടു വരുന്നുണ്ട്.

ഇതിന്നൊരു മറുവശമുണ്ട്. ഇത്തരം ക്രമക്കേടുകൾ ടെലിവിഷനിൽ ആവർത്തിച്ച് അവതരിപ്പിക്കുമ്പോൾ അഴിമതി വർധിക്കുകയേയുള്ളൂ; വോട്ടിനുള്ള നോട്ട് കൂട്ടേണ്ടിവരും; വോട്ടർമാർ "നോട്ട്" പ്രതീക്ഷിച്ചു തുടങ്ങും.

വോട്ടർമാർ തന്നെ പ്രലോഭനങ്ങളെയെല്ലാം നിരാകരിക്കുകയാണ് ഈ തിന്മയെ നേരിടാനുള്ള മാർഗ്ഗം. വോട്ടും നോട്ടും തമ്മിലുള്ള ബന്ധം അഴിമതിയുടെ ഉറവിടമാണെന്നു മാനസ്സിലാക്കിയാലേ ഈ തിന്മ ഒഴിവാകൂ.

*(സെന്റർ ഫോർ മീഡിയ സ്റ്റഡീസിന്റെ ചെയർമാനാണ് ഡോ. എൻ ഭാസ്കര റാവു)* ❑

# തൊഴിൽ നൽകാത്തതിന് തൊഴിലില്ലാ വേതനം

**- നന്ദിനി നായക് -**

**ജീ**വിതത്തെ തളിരണിയിച്ച തൊഴിലവകാശത്തെക്കുറിച്ച് നടത്തിയ ഒരു സർവ്വേയുടെ വിവരമാണിത്. അല്ലാഹാബാദ് സർവ്വകലാശാലയുടെ കീഴിലുള്ള ജി.ബി. പാന്ത് സോഷ്യൽ സർവ്വീസ് ഇൻസ്റ്റിട്യൂട്ടാണ് സർവ്വേ നടത്തിയത്. ഹിന്ദി മേഖലയിലെ ആറു സംസ്ഥാനങ്ങളിലായി പത്തു ജില്ലകളിൽ കഴിഞ്ഞ ജൂണിലായിരുന്നു സർവ്വെ. ഓരോ ജില്ലയിലും പത്തു ഗ്രാമപഞ്ചായത്ത് വീതം സർവ്വേക്ക് തിരഞ്ഞെടുത്തു.

തൊഴിലവകാശ പദ്ധതി പ്രകാരം നടപ്പാക്കിയ പദ്ധതിയുടെ പരിശോധനയോടെയായിരുന്നു ഓരോ ദിക്കിലും സർവ്വേയുടെ ആരംഭം. പദ്ധതി പ്രകാരം തൊഴിൽ ലഭിച്ച കുടുംബങ്ങളിൽ പോയി തൊഴിലാളികളുമായി നേരിട്ടു സംസാരിച്ച് വിവരങ്ങൾ ശേഖരിക്കുമായിരുന്നു. വീടുകൾ കയറിയിറങ്ങിയതിന്റെ ഉദ്ദേശം അവരുടെ ജീവിതത്തിലുണ്ടായ ഫലം നേരിട്ടു കണ്ടറിയലായിരുന്നു. അതുപോലെ അവർക്കെന്താണ് അഭിപ്രായമെന്നറിയലും ലക്ഷ്യമായിരുന്നു.

ബദവാനിയിൽ, പതി രാജപ്പൂർ ബ്ലോക്കുകളിലെ അഞ്ചു ഗ്രാമങ്ങളിൽ വീതമാണ് സർവ്വേ നടത്തിയത്. പതി ബ്ലോക്കിൽ ജാഗ്രതാ ആദിവാസി-ദളിത് സംഘടന എന്നൊരു സംഘടന ദീർഘകാലമായി പ്രവർത്തിച്ചു വരുന്നുണ്ട്. 2006 ൽ തൊഴിലവകാശ നിയമം പ്രാബല്യത്തിൽ വന്നപ്പോൾ അത് ശരിക്ക് നടപ്പാക്കി കിട്ടാൻ മുന്നിട്ടുനിന്നു പ്രവർത്തിച്ചവരും ഇവരാണ്. ജോലിക്കുള്ള കാർഡ് വിതരണം, ജോലിക്കുള്ള അപേക്ഷ സ്വീകരിക്കുമെന്ന് ഉറപ്പു വരുത്തൽ, നിയമപ്രകാരമുള്ള മിനിമം വേതനം നൽകുന്നുണ്ടെന്ന് ഉറപ്പുവരുത്തൽ എന്നിവയെല്ലാം ഈ സംഘടനയുടെ മേൽനോട്ടത്തിലായിരുന്നു. ഓണംകേറാമൂലകളിലെ ഗോത്രവർഗ്ഗ ഗ്രാമങ്ങളിൽ പോലും തൊഴിലവകാശ ബോധം ഉണ്ടായി.

പതി ബ്ലോക്കിൽ നടത്തിയ സർവ്വേയിൽ ജനങ്ങളിൽ 4.7 ശതമാനവും കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 100 ദിവസത്തെ ജോലി കിട്ടിയവരാണെന്നു കണ്ടു. ശരാശരിയെടുത്താൽ ഓരോ വീടിന്നും 85 ദിവസം പണി കിട്ടിയിട്ടുണ്ട്.

തൊഴിലവകാശ പദ്ധതി തൊഴിലാളികളുടെ ജീവിതത്തെ നാനാതരത്തിൽ മെച്ചപ്പെടുത്തിയിട്ടുണ്ട്. തൊഴിലിന്നു വേണ്ടി അന്യ നാടുകളിലേക്ക് കുടിയേറുന്നത് കുറഞ്ഞുവെന്നതാണ് ഏറ്റവും പ്രധാനമായ കാര്യം. സ്വന്തം ഗ്രാമത്തിൽ തന്നെ മിനിമം വേതനത്തിന്ന് തൊഴിൽ കിട്ടുമെന്നത് വലിയൊരനുഗ്രഹമായി. തനിക്കുള്ള ഒരു തുണ്ടു ഭൂമിയിലെ ഉൽപ്പാദനം ഇരട്ടിപ്പിക്കാൻ കഴിഞ്ഞുവെന്ന് ഗ്രാമീണനായ ഹരിസിങ് പറയുന്നു. എങ്ങനെയാണിത്? കൂലിയിൽ അൽപം നീക്കിവയ്ക്കാനും യഥാസമയം വിത്തു വാങ്ങാനും കഴിയുന്നതാണ് ഇതിന് കാരണമെന്ന് അദ്ദേഹം പറഞ്ഞു. പണ്ടൊക്കെ വിത്തിനുള്ള പണം ഉണ്ടാകുന്നതുവരെ കാത്തിരിക്കുകയാണ് പതിവ്. അതിനും പുറമെ തൊഴിലവകാശ പദ്ധതി പ്രകാരം ഗ്രാമത്തിൽ നിർമ്മിച്ച കുളത്തിൽനിന്ന് വെള്ളവും കിട്ടുന്നു.

ഇങ്ങനെയെല്ലാമാണെങ്കിലും എല്ലാം ഭദ്രമാണെന്ന് അർത്ഥമില്ല. തൊഴിലവകാശ പദ്ധതി നടപ്പാക്കാനുള്ള സമരം ➡ രണ്ടുകൊല്ലമെത്തിയെങ്കിലും, ആവശ്യപ്പെട്ട പദ്ധതികളൊന്നുമല്ല നടപ്പാക്കുന്നത്. ഗ്രാമസഭ ആവശ്യപ്പെടുന്ന പദ്ധതി നടപ്പാക്കണമെന്നാണ് വ്യവസ്ഥയെങ്കിലും സംഭവിക്കുന്നത് അതല്ല. ചിലപ്പോൾ കൂലി നൽകുന്നതിൽ വല്ലാത്ത കാലതാമസവും വരുന്നുണ്ട്.

2006 ൽ തൊഴിലവകാശ പദ്ധതി നടപ്പാക്കിയപ്പോൾ എട്ടു ഗ്രാമ പഞ്ചായത്തുകളിൽ നിന്ന് 1500 ൽ പരം പേർ തൊഴിലിന്ന് അപേക്ഷിച്ചിരുന്നു. പക്ഷെ ആർക്കും തൊഴിൽ നൽകാൻ കഴിഞ്ഞില്ല. തൊഴിൽ നൽകാത്ത സ്ഥിതിക്ക് തൊഴിലില്ലാ വേതനം നൽകണമെന്നായി അപേക്ഷകർ. അധികൃതർ അനങ്ങിയില്ല. ഒടുവിൽ സംഘടനയുടെ നേതൃത്വത്തിൽ സമരമാരംഭിച്ചു. 2006 ജൂണിൽ ആരംഭിച്ച സമരം ഒക്ടോബർവരെ നീണ്ടുപോയി. ഇരുകൂട്ടരും വിട്ടു വീഴ്ചക്കു തയ്യാറില്ലായിരുന്നു. ഒടുവിൽ നവമ്പറിൽ അധികൃതർ വഴങ്ങി.

തൊഴിലവകാശ നിയമപ്രകാരം ആവശ്യപ്പെട്ട തൊഴിലിന്ന് തൊഴിലില്ലാ വേതനം നൽകിയ ഇന്ത്യയിലെ ആദ്യത്തെ സംഭവമാണിത്. ❏

# ബ്രിട്ടനിലും നിർദ്ദോഷികൾ കാരാഗൃഹത്തിൽ

**- ജറി കോൺലോൺ -**

**കാ**ള രാത്രികൾ എന്നെ വിടാതെ പിൻതുടരുന്നു. ഇതാരംഭിച്ചിട്ട് കാലം കുറച്ചായി. അത്ഭുതമെന്നു പറയട്ടെ ജയിലിൽ കിടന്ന 15 കൊല്ലക്കാലത്ത് എനിക്ക് ഇതുണ്ടായിരുന്നില്ല. ഒരു കുറ്റവും ചെയ്യാതെ ഞാനും മറ്റു മൂന്നുപേരും ശിക്ഷിക്കപ്പെട്ടത് 1975ലാണ്.

ഐറിഷ് റിപ്പബ്ലിക്കൻ ആർമിയിൽ പെട്ട തീവ്രവാദികൾ 1974ലാണ് ഇംഗ്ലണ്ടിലെ ഒരു മദ്യശാലയിൽ ബോംബെറിഞ്ഞത്. ഈ കേസ് പ്രസിദ്ധമാകയാൽ ഇവിടെ വിവരിക്കേണ്ടതില്ല. പക്ഷെ പലരും എന്നെ വിളിക്കാറുണ്ട്. താൻ ചെയ്യാത്ത കുറ്റത്തിന്ന് ദീർഘകാലം ജയിലിൽ കിടന്നവരാണിവരെല്ലാം. ഞങ്ങളുടേതുപോലുള്ള ഒരു സംഭവം ഇന്നുണ്ടാകുമോ എന്ന് ജനങ്ങൾ ചോദിക്കുന്നു. തീർച്ചയായും സംഭവിക്കാനിടയുണ്ട്. ഇന്നും ജയിലഴികൾക്കകത്ത് കിടക്കുന്ന നിർദ്ദോഷികളെപ്പറ്റി എനിക്കറിയാം. ഞങ്ങൾക്കുണ്ടായ അനുഭവം ഇനിയും ഉണ്ടാകുകയും ചെയ്യാം.

ഞങ്ങൾക്കുണ്ടായ അനുഭവം ബിനിയം മൊഹമ്മദിന്നുണ്ടായതിൽ നിന്ന് വ്യത്യസ്തമല്ല. ബ്രിട്ടീഷ് റസിഡന്റായ മൊഹമ്മദിന്റെ കഥ ഓർമ്മയില്ലേ. ഒരുപാട് കാലം ഗോണ്ടാനാമോയിലുള്ള അമേരിക്കൻ തടങ്ങലിൽ അദ്ദേഹത്തിന്നു കിടക്കേണ്ടിവന്നു. അദ്ദേഹത്തെപ്പോലെ ഞങ്ങളും ദണ്ഡനത്തിന്നു പാത്രമായി. വായയിൽ തോക്കു കുത്തിയിറക്കുക, തലക്കുനേരെ തോക്കു പിടിക്കുക, തലക്കുമീതെ കമ്പിളിയിട്ടു മൂടുക, തുടങ്ങിയവയെല്ലാം ഞങ്ങൾക്കും അനുഭവിക്കേണ്ടിവന്നു. മൊഹമ്മദിന്നെതിരായ കേസ് പോലെതന്നെയായിരുന്നു ഞങ്ങൾക്കെതിരായ കേസും - തീർത്തും യാദൃശ്ചികം. മൊഹമ്മദിനെപ്പോലെ ഞങ്ങളേയും കൊല്ലങ്ങളേറെ പൊരുതിയ ശേഷമേ ജനങ്ങൾ ശ്രദ്ധിക്കാൻ തുടങ്ങിയുള്ളൂ.

2005ന്നു ശേഷം ബ്രിട്ടനിൽ സംഭവിച്ചുകൊണ്ടിരിക്കുന്നത് ഞങ്ങളുടെ അറസ്റ്റിന്ന് വഴിയൊരുക്കിയ അതേ സാഹചര്യങ്ങൾ ഉണ്ടാക്കലാണ്. അതേ നടപടിക്രമം തന്നെ ഇന്നും തുടരുന്നു - കഴിയാവുന്നിടത്തോളം പേരെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കുക. അവരിൽ ആരെങ്കിലും ശിക്ഷിക്കപ്പെട്ടുവെന്നുവരും. ഒരു വ്യത്യാസമേ ഇപ്പോൾ കാണുന്നുള്ളൂ. ജൂറിമാർ

ഇപ്പോൾ കൂടുതൽ കരുതലുള്ളവരാണ്. പക്ഷെ ഇനിയുമൊരു ബോംബേറു പരമ്പരയുണ്ടായാൽ സ്ഥിതിഗതികൾ മാറിയേക്കും.

നിങ്ങൾ ചെയ്യാത്തൊരു കുറ്റത്തിന്ന് ജീവപര്യന്തം തടവുശിക്ഷ അനുഭവിക്കുന്നതു പോലെ ഒന്നിനെപ്പറ്റി വിവരിക്കുക വിഷമമാണ്. ആദ്യത്തെ രണ്ടു കൊല്ലക്കാലത്ത് എനിക്കൽപ്പം ആശയുണ്ടായിരുന്നു. പുറത്ത് താക്കോൽ കൂട്ടം കിലുങ്ങുന്ന ശബ്ദം കേൾക്കുമ്പോൾ ജയിലധികൃതർ എന്നെ തുറന്നുവിടാൻ വരികയാണെന്നു കരുതും. എന്നാൽ മഗീറിൽനിന്ന് ഏഴുപേരെ അറസ്റ്റ് ചെയതതോടെ ഞങ്ങൾക്ക് ആശാകിരണം നഷ്ടപ്പെടാൻ തുടങ്ങി. ഏഴുപേരും നിരപരാധികളായിരുന്നിട്ടും അവരെല്ലാം ശിക്ഷിക്കപ്പെട്ടു. അതിൽ എന്റെ അച്ഛനും ഉണ്ടായിരുന്നു. ഞങ്ങൾക്ക് ഈ അനീതിയെ നേരിടേണ്ടിവന്നുവെന്നു മാത്രമല്ല, ജീവൻ നിലനിർത്തുന്നതുതന്നെ പ്രശ്നമായിരുന്നു. അതൊരു കാളരാത്രി തന്നെയായിരുന്നു. ഞങ്ങൾക്കുള്ള ഭക്ഷണത്തിൽ അധികൃതർ മൂത്രമൊഴിക്കും; മലവിസർജനം നടത്തും; ചില്ല് പൊട്ടിച്ചിടും. ഞങ്ങളുടെ തടവുമുറികളുടെ വാതിൽ തുറന്നിടും; ഗുണ്ടകൾക്ക് ഞങ്ങളെ മർദ്ദിക്കാൻ സൗകര്യപ്പെടുന്നതിന്നുള്ള വിദ്യയായിരുന്നു അത്. രണ്ടു പേരെ തല്ലികൊല്ലുന്നത് ഞാൻ കാണുകയുണ്ടായി; ചിലർ ആത്മഹത്യ ചെയ്തു. ലോങ് ലാർട്ടിൻ ജയിലിൽ ഒരാൾ സ്വന്തം വസ്ത്രത്തിന്ന് തീ കൊടുത്ത് മരിച്ചു.

എന്റെ അച്ഛൻ ഗിസപ്പ് കോൺലോൺ 1980ൽ ജയിലിൽ കിടന്നു മരിച്ചതോടെയാണ് ഞങ്ങൾക്ക് ഒരു ആശാകിരണം കൈവന്നത്. നിർദ്ദോഷിയായ അച്ഛനെ മരണാനന്തരം കുറ്റവിമുക്തനാക്കി. "നിങ്ങളുടെ മോചനത്തിന്ന് എന്റെ മരണം വഴി തുറക്കും" എന്നാണദ്ദേഹം അവസാനമായി പറഞ്ഞത്. അതു ശരിയാകുകയും ചെയ്തു. കാരണം, അതോടുകൂടിയാണ് പല എം.പി. മാരും ഇക്കാര്യത്തിൽ ശ്രദ്ധിക്കാൻ തുടങ്ങിയത്.

ഞങ്ങൾക്ക് കൊടുക്കേണ്ടിവന്നത് കനത്ത വിലയായിരുന്നു. ഒരു കേസ് പുനർവിചാരണക്കെടുപ്പിക്കുക എന്നത് എത്ര വിഷമകരമാണെന്ന് പലരും മനസ്സിലാക്കുന്നില്ല. കർദ്ദിനാൾ ബാസിൽ ഹ്യൂമിന്ന് ഞാനൊരു കത്തയച്ചത് 1979 ലാണ്. (ബ്രിട്ടീഷ് കത്തോലിക്കാ സഭയിലെ പരമോന്നത വൈദികനായിരുന്നു അദ്ദേഹം) ഞങ്ങളുടെ കേസിന്റെ വിവരം അതിൽ ഞാൻ വിവരിച്ചിരുന്നു. അദ്ദേഹം എന്നെ കാണാൻ ജയിലിൽ വന്നു. എനിക്കത് നന്നായി ഓർമ്മയുണ്ട്. ജയിലിൽ ഞാൻ ഫുട്ബോൾ കളിക്കുകയായിരുന്നു. അവിടെനിന്നാണ് അദ്ദേഹത്തെ കാണാൻ എന്നെ വിളിച്ചു വരുത്തിയത്. നീണ്ട ളോഹയുമിട്ട് വരുന്ന അദ്ദേഹത്തെ കണ്ടാൽ ബാറ്റ്മാനാണെന്നു തോന്നും. ഒരു മഹാത്മാവായിരുന്നു അദ്ദേഹം. പക്ഷെ ഞങ്ങളുടെ മോചനത്തിന് പിന്നേയും പത്തുകൊല്ലം കാത്തിരിക്കേണ്ടിവന്നു.

ബോംബെറിഞ്ഞത് ഞങ്ങളല്ലെന്ന് അധികൃതർക്കറിയാമായിരുന്നുവെന്നല്ല, ആരാണ് ബോംബെറിഞ്ഞതെന്നും അധികൃതർക്കറിയാമായിരുന്നു.

ജയിലിന്നു പുറത്തു വന്നുവെങ്കിലും രണ്ടുതവണ എനിക്ക് ഹൃദ്രോഗ ബാധയുണ്ടായി. ഒരിക്കൽ ആത്മഹത്യക്ക് ശ്രമിച്ചു. കുറച്ചു കാലം മയക്കുമരുന്നിന്നടിമയായി. പിന്നെ മദ്യപാനിയായി. എന്റെ ദുരിതത്തിന്നറുതിയൊന്നുമില്ല.

അറസ്റ്റ് ചെയ്യപ്പെടുമ്പോൾ എനിക്ക് 20 വയസ്സായിരുന്നു. ഇപ്പോൾ 55 വയസ്സായി. അതായത് എന്റെ ജീവിതത്തിലെ 35 കൊല്ലം തുലഞ്ഞു. ജയിലിന്നു പുറത്തു വന്നപ്പോൾ കണ്ടുമുട്ടിയ ഒരു പെൺകുട്ടിയോടൊപ്പമാണ് ഞാനിന്ന് ജീവിക്കുന്നത്. അവളോട് എനിക്ക് സീമാതീതമായ കടപ്പാടുണ്ട്. എന്നോടൊപ്പം അറസ്റ്റ് ചെയ്യപ്പെട്ട മറ്റു മൂന്നു പേർ ഇത്ര ഭാഗ്യവാന്മാരല്ല. ഞങ്ങൾക്കുണ്ടായ ദുരന്തം മറ്റുള്ളവരുടെ കണ്ണുതുറപ്പിക്കുമെന്ന് ഞാൻ ആശിക്കുന്നു. കുറ്റമെന്തായാലും നിഗമനങ്ങളിലേക്ക് എടുത്തു ചാടരുത്. ❑



# ഇന്ത്യൻ ജനാധിപത്യം തകരാതിരിക്കണമെങ്കിൽ

- കെ. സുബ്രഹ്മണ്യൻ -

**ക**ർണാടകത്തിലെ നിയമസഭാ തിരഞ്ഞെടുപ്പിന്റെ ഫലപ്രഖ്യാപനത്തിന്നു ശേഷം ചീഫ് എലക്ഷൻ കമ്മീഷണർ എഴുതിയ ഒരു ലേഖനത്തിൽ ഇങ്ങനെ പറയുന്നു:

എലക്ഷൻ കമ്മീഷൻ നിയമം നടപ്പാക്കുക എന്ന ബാധ്യത നിറവേറ്റുമ്പോൾ, ഞങ്ങൾ ജനാധിപത്യത്തെ ശ്വാസം മുട്ടിച്ചു കൊല്ലുകയാണെന്ന് രാഷ്ട്രീയ കക്ഷികൾ ആക്ഷേപിക്കുന്നു. കള്ളപ്പണക്കാർ നമ്മുടെ ജനാധിപത്യത്തെ റാഞ്ചിക്കൊണ്ടു പോയേക്കുമെന്ന വിപത്ത് യഥാർത്ഥമാണ്. അവിഹിതമായി സമ്പാദിച്ചു കൂട്ടിയ സമ്പത്ത് വാരിവിതറി അധികാരം പിടിച്ചെടുക്കാൻ കഴിഞ്ഞുവെന്നുവരും. നമ്മുടെ തിരഞ്ഞെടുപ്പു രംഗത്തെ നിരീക്ഷിച്ചുകൊണ്ടിരിക്കുന്ന ഒരാൾക്കും അതിൽ പണത്തിന്റേയും മദ്യത്തിന്റേയും കളിയുണ്ടെന്നത് നിഷേധിക്കാനാവില്ല. കർണ്ണാടകത്തിലെ തിരഞ്ഞെടുപ്പുകാലത്ത് എലക്ഷൻ കമ്മീഷൻ റൊക്കം പണമായും മദ്യമായും സമ്മാനങ്ങളായും പിടിച്ചെടുത്തതിന്റെ മൂല്യം 45.57 കോടി രൂപവരും. ദരിദ്ര സംസ്ഥാനങ്ങളിൽ വോട്ടർമാരെ വശത്താക്കാൻ കയ്യൂക്കാണ് ഉപയോഗിക്കുന്നതെങ്കിൽ സമ്പന്ന സംസ്ഥാനങ്ങളിൽ തൽസ്ഥാനത്ത് പണമാണ് ഉപയോഗിക്കുന്നത്. കള്ളപ്പണക്കാർ നമ്മുടെ ജനാധിപത്യത്തെ കീശയിലൊതുക്കാതിരിക്കണമെങ്കിൽ ഉണർന്നിരുന്ന് പോംവഴികളെപ്പറ്റി ചിന്തിക്കണം. നമുക്കതിന്ന് അധികം സമയമൊന്നുമില്ല.

ഇതിൽനിന്നൊരു കാര്യം വ്യക്തമാകുന്നു. എലക്ഷൻ കമ്മീഷൻ ഇക്കാര്യത്തിൽ നിസ്സഹായമാണ്. രാഷ്ട്രീയം ക്രിമിനൽ കൃതമാകുന്നതു തടയാൻ ഫലപ്രദമായ നടപടിയെടുക്കാൻ കമ്മീഷന്നാവില്ല. രാഷ്ട്രീയക്കാർ കയ്യൂക്കും പണക്കരുത്തും കാണിക്കുന്നതാണ് പ്രധാന പ്രശ്നം

ഈ അവസരത്തിൽ മുൻ എലക്ഷൻ കമ്മീഷണർ വി.എസ്. രമാദേവി ഇന്ത്യൻ തിരഞ്ഞെടുപ്പിനെക്കുറിച്ച് എഴുതിയ ഗ്രന്ഥത്തിലെ ചില പരാമർശങ്ങൾ ഇവിടെ സ്മരണീയമാണ്. നിലവിലുള്ള നിയമങ്ങളുടെ പരിധിയിലൊന്നും വരാത്തതും എന്നാൽ കൈകാര്യം ചെയ്തേ തീരൂ എന്നുമുള്ള ഒരു സാഹചര്യം സംജാതമായാൽ ചീഫ് എലക്ഷൻ കമ്മീഷണർ കയ്യുംകെട്ടിയിരുന്ന് ഈശ്വരനോട് പ്രാർത്ഥിക്കേണ്ട കാര്യമൊന്നുമില്ല. അല്ലെങ്കിൽ തക്കതായ അധികാരം തരാൻ ഒരു ബാഹ്യശക്തിയോട് അഭ്യർത്ഥിക്കേണ്ടതുമില്ല. ചീഫ് എലക്ഷൻ കമ്മീഷണർ തന്നിൽ നിക്ഷിപ്തമായ അധികാരം നിയമവിധേയമാം വണ്ണം ഉപയോഗിക്കുകയേ വേണ്ടു. എലക്ഷൻ സ്വതന്ത്രമായും നീതിപൂർവ്വമായും നടത്താൻ ആവശ്യമായ ഏതധികാരവും അദ്ദേഹത്തിനുണ്ട്.

1978ൽ മഹീന്ദർസിങ് ഗില്ലും എലക്ഷൻ കമ്മീഷനും തമ്മിൽ നടന്ന ഒരു വ്യവഹാരത്തിൽ സുപ്രീം കോടതിയുടെ ഒരു ഭരണഘടനാ ബഞ്ച് എലക്ഷൻ കമ്മീഷന്റെ അധികാരങ്ങൾ വിശദീകരിച്ചിട്ടുണ്ട്. ഭരണഘടനയിലെ 324-ാം അനുഛേദപ്രകാരം തിരഞ്ഞെടുപ്പു നടത്താൻ വേണ്ട എല്ലാ അധികാരവും എലക്ഷൻ കമ്മീഷനിൽ നിക്ഷിപ്തമാണ്. ജനപ്രാതിനിധ്യ നിയമത്തിലോ അതു സംബന്ധിച്ച ചട്ടങ്ങ

ളിലോ ഉൾപ്പെടാത്ത ഒരു കാര്യം ഉത്ഭവിക്കുന്ന പക്ഷം എലക്ഷൻ കമ്മീഷന്ന് അതിന്റെ അധികാരമുപയോഗിച്ചുകൊണ്ട് ആ പ്രശ്നത്തിന്നു പരിഹാരം കാണാവുന്നതേയുള്ളൂ. സ്വതന്ത്രവും നീതിപൂർവ്വവുമായ ഒരു തിരഞ്ഞെടുപ്പു നടത്താൻ ആവശ്യമായ ഒരു അക്ഷയ ഖനിയാണ് 324-ാം അനുഛേദം എന്ന് കോടതി വിധിച്ചിട്ടുണ്ട്.

തിരഞ്ഞെടുപ്പു സംവിധാനം പരിഷ്കരിക്കാൻ ആവശ്യമായ നിർദ്ദേശങ്ങൾ എലക്ഷൻ കമ്മീഷണർമാരെല്ലാം ഒന്നിനു പിറകെ ഒന്നായി സമർപ്പിച്ചിട്ടുണ്ട്. സെൻ വർമ്മ (1972), ശക്ധർ (1977), ശേഷൻ എന്നിവരുടെ നിർദ്ദേശങ്ങളെല്ലാം രാഷ്ട്രീയത്തിന്റെ ക്രിമിനൽവൽക്കരണം തുടച്ചുമാറ്റാൻ ഉദ്ദേശിച്ചുള്ളവയായിരുന്നു. കേന്ദ്ര ആഭ്യന്തര കാര്യ സെക്രട്ടറി എം.എൻ. വോറ അധ്യക്ഷനായുള്ള ഒരു കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിൽ പ്രാദേശിക നേതാക്കളുടെ തണലിൽ മാഫിയ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും, ഇവരിൽ ചിലർ നിയമസഭകളിൽ പോലും കയറിപ്പറ്റുന്നുണ്ടെന്നും പറഞ്ഞിരുന്നു.

1997 ആഗസ്റ്റിൽ, അന്നത്തെ എലക്ഷൻ കമ്മീഷണർ ജി.വി.ജി. കൃഷ്ണമൂർത്തി രാഷ്ട്രീയത്തിന്റെ ക്രിമിനൽവൽക്കരണം തടയാൻ ശക്തമായ ചില നടപടികൾ നിർദ്ദേശിക്കുകയുണ്ടായി. 1996ലെ തിരഞ്ഞെടുപ്പിൽ നിയമ വിരുദ്ധമായി കൈവശം വച്ചിരുന്ന വളരെയധികം ആയുധങ്ങൾ പിടിച്ചെടുത്ത കാര്യം അദ്ദേഹം അതിൽ വെളിപ്പെടുത്തിയിരുന്നു. ഇതിൽ 2000 തോക്കുകളും 175 സ്ഫോടക വസ്തുക്കളും 57000 ബോംബുകളും ഉൾപ്പെട്ടിരുന്നു. അന്നു മത്സരിച്ച 13952 സ്ഥാനാർത്ഥികളിൽ ചുരുങ്ങിയത് 1500 പേരെങ്കിലും ക്രിമിനൽ പട്ടികയിൽ പെട്ടവരായിരുന്നു. ഇന്ത്യയിലെ 4722 എം.എൽ.എ. മാരിൽ 700 പേരെങ്കിലും ക്രിമിനൽ കേസുകളിലെ പ്രതികളായിരുന്നു.

ഈ പ്രശ്നം ചർച്ച ചെയ്യാൻ 1997 ആഗസ്റ്റിൽ പാർലിമെന്റിന്റെ ഒരു പ്രത്യേക യോഗം ചേരുകയുണ്ടായി. ഫലപ്രദമായ തിരഞ്ഞെടുപ്പു പരിഷ്ക്കാരങ്ങൾ നടപ്പാക്കാൻ അന്നു ഏകകണ്ഠമായി തീരുമാനിക്കുകയും ചെയ്തു. അഞ്ചോ അതിലധികമോ കൊല്ലത്തെ തടവുശിക്ഷലഭിക്കാവുന്ന കുറ്റങ്ങൾ സംബന്ധിച്ച് കുറ്റപത്രം ലഭിച്ചവരെ തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിന്ന് അയോഗ്യരാക്കണമെന്ന് 1998 ജൂലായിയിൽ എലക്ഷൻ കമ്മീഷൻ നിർദ്ദേശിച്ചു. ചിലതരം കുറ്റകൃത്യങ്ങൾ ചെയ്തതിന്ന് കുറ്റപത്രം ലഭിച്ചവരെ തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിന്ന് അയോഗ്യരാക്കണമെന്ന് നിയമ കമ്മീഷൻ അതിന്റെ 170-ാം റിപ്പോർട്ടിലും നിർദ്ദേശിച്ചു.

ഇതിന്റെയെല്ലാം അടിസ്ഥാനത്തിലാണ് സ്ഥാനാർത്ഥികൾ അവരുടേയും ബന്ധുക്കളുടേയും സ്വത്തു സംബന്ധിച്ചും ക്രിമിനൽ കേസ് സംബന്ധിച്ചും സത്യവാങ്മൂലം സമർപ്പിക്കണമെന്ന് എലക്ഷൻ കമ്മീഷൻ ആവശ്യപ്പെട്ടത്. കഴിഞ്ഞ ലോകസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടവരിൽ നൂറിൽപരം എം.പി.മാർ കൊലപാതക കേസിലും കള്ളരേഖാ നിർമ്മാണ കേസിലും മറ്റും പ്രതികളായിരുന്നു. കള്ളപ്പണത്തെ സംബന്ധിച്ചാണെങ്കിൽ, സ്ഥാനാർത്ഥികൾ അവരുടെ തിരഞ്ഞെടുപ്പു ചെലവിന്റെ കണക്കു സമർപ്പിക്കണമെന്ന് എലക്ഷൻ കമ്മീഷൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ഇത്രയൊക്കെയായിട്ടും എലക്ഷൻ കമ്മീഷൻ നിസ്സഹായമാണെങ്കിൽ, അതിന്റെ കാരണം രാഷ്ട്രീയ കക്ഷികളുടെ നിസ്സംഗതയാണ്. ലോകസഭയിൽ രാഷ്ട്രീയ കക്ഷികൾ ഏകകണ്ഠമായി ഒരു പ്രമേയം പാസാക്കിയപ്പോൾ, എന്തോ സംഭവിക്കാൻ പോകുന്നുവെന്ന തോന്നലുണ്ടായതാണ്. എന്നാൽ പിന്നീട് നടന്ന എല്ലാ തിരഞ്ഞെടുപ്പുകളിലും ഇതേ പാർട്ടികൾതന്നെ ക്രിമിനലുകളേയും പണച്ചാക്കുകളേയും തോളിലേറ്റി നടക്കുന്ന കാഴ്ചയാണ് കണ്ടത്.

*(ലേഖകൻ തമിഴ്നാട്ടിലെ മുൻ അഡ്വക്കറ്റ് ജനറലായിരുന്നു)*



# മഹാന്മാർ എന്തുകൊണ്ട് ഇതൊന്നും കാണുന്നില്ല

**- സിദ്ധാർത്ഥ വരദരാജൻ -**

ശ്രീലങ്കാ ഗവർമ്മേണ്ട് തമിഴ് അഭയാർത്ഥികൾക്കായി നടത്തിവരുന്ന അഭയാർത്ഥി ക്യാമ്പുകളുമായി തുലനം ചെയ്തുകൊണ്ട് ശ്രീശ്രീ രവിശങ്കർ ഈയിടെ ഒരു പ്രസ്താവന നടത്തുകയുണ്ടായി. ജമ്മുവിൽ വന്നുകൂടിയിരിക്കുന്ന കാശ്മീർ പണ്ഡിറ്റ്മാർക്ക് ഏർപ്പെടുത്തിയിരിക്കുന്ന സൗകര്യങ്ങളേക്കാളും തമിഴ് നാട്ടിൽ ശ്രീലങ്കൻ തമിഴർക്കായി നടത്തിവരുന്ന ക്യാമ്പിനേക്കാളും മെച്ചപ്പെട്ടതാണ് ശ്രീലങ്കാ ഗവർമ്മേണ്ട് നടത്തിവരുന്ന ക്യാമ്പ് എന്നാണ് അദ്ദേഹം പറയുന്നത്.

ശ്രീശ്രീ രവിശങ്കറിനെ സംബന്ധിച്ചിടത്തോളം ഇത് ഉചിതമാണ്. ഞാനതിനെ അഭിനന്ദിക്കുന്നു. ആയിരക്കണക്കിന്നുവരുന്ന കാശ്മീരി പണ്ഡിറ്റുകൾ ജമ്മുവിൽവന്ന് അടിഞ്ഞുകൂടിയിട്ടിപ്പോൾ കൊല്ലം ഇരുപതായി. അവരുടെ സ്ഥിതി ദയനീയവുമാണ്. പക്ഷെ ഇന്ത്യയിലെ ഏറ്റവും സ്വാധീനശക്തിയുള്ള ആൾദൈവമായ രവിശങ്കർ ഇതിവിടെവച്ചു നിർത്തിയതുകൊണ്ട് ഒരു വല്ലായ്മ തോന്നുന്നു. ഗുജറാത്തിൽ ആയിരക്കണക്കിന്നു മുസ്ലീമുകൾ അഭയാർത്ഥികളായി ജീവിക്കുന്നു. ഒറീസയിലെ കണ്ഠമൽ ജില്ലയിൽ ആയിരക്കണക്കിന്ന് ക്രൈസ്തവ അഭയാർത്ഥികളുമുണ്ട്. ഇവരുടെ കാര്യത്തിൽ സംസ്ഥാന ഗവർമ്മേണ്ടുകളും കേന്ദ്ര ഗവർമ്മേണ്ടും കാണിക്കുന്ന അനാസ്ഥക്കെതിരെ ജനങ്ങളുടെ മനസ്സാക്ഷി തട്ടിയുണർത്താൻ ശ്രീശ്രീ രവിശങ്കർ ശ്രമിക്കാതിരുന്നതെന്തുകൊണ്ടാണ്?

2002ലെ കൂട്ടക്കുരുതിക്കുശേഷം മുസ്ലീമുകൾക്കായി ക്യാമ്പുകൾ തുറക്കാൻ ഗുജറാത്ത് ഗവർമ്മേണ്ട് ഒന്നും ചെയ്തില്ല. ആറു കൊല്ലത്തിന്നുശേഷം ഇന്നും മുസ്ലീമുകൾ അവിടെ ദുരിതക്കയത്തിൽ ആണ്ടുകിടപ്പാണ്. ഒറീസയിലാകട്ടെ പട്ടിണി പാവങ്ങളായ ക്രിസ്ത്യാനികൾ ഗതികെട്ടുഴലുന്നു. അവർക്ക് തങ്ങളുടെ ഗ്രാമങ്ങളിലേക്ക് തിരിച്ചുപോകണമെന്നുണ്ട്. പക്ഷെ ഹൈന്ദവ മൂർഖന്മാർ സമ്മതിക്കുന്നില്ല. ഹിന്ദുക്കളായി മതംമാറിയാലേ തിരിച്ചു വരാൻ അനുവദിക്കൂ എന്നാണവർ പറയുന്നത്. ജമ്മുവിലെ പണ്ഡിറ്റുമാരുടെ കാര്യമെന്നപോലെ ഗുജറാത്തിലെ മുസ്ലീമുകളുടെ കാര്യവും ഒറീസയിലെ ക്രസ്ത്യാനികളുടെ കാര്യവും നാം പാടെ മറന്നിരിക്കുകയാണ്. ശ്രീശ്രീ രവിശങ്കർക്ക് ഇവരുടെ കാര്യവും നമ്മെ അനുസ്മരിപ്പിക്കാമായിരുന്നു. മൂന്നു കൂട്ടരും ഇന്ത്യാ ഗവർമ്മേണ്ടിന്റെ നിസ്സംഗതക്ക് പാത്രമായവരാണ്.

അഭയാർത്ഥികളുടെ കാര്യത്തിൽ ശ്രീശ്രീ രവിശങ്കർ മുസ്ലീമുകളേയും ക്രിസ്ത്യാനികളേയും വിട്ടുകളഞ്ഞത് യാദൃച്ഛികമാണെന്ന് ഞാൻ കരുതുന്നില്ല. ഈ പുതുയുഗ ഗുരുവിന്റെ ധർമ്മബോധത്തിന്റെ പരിധിയെയാണത് കാണിക്കുന്നത്. ശ്രീശ്രീ രവിശങ്കറിന്റെ ധർമ്മബോധം കാലം കഴിയുംതോറും സംഘപരിവാറിന്റെ മാർഗ്ഗത്തിലേക്ക് അടുത്തുകൊണ്ടിരിക്കുകയാണ്. ബാബരി മസ്ജിദ് സംഭവം പോലെയുള്ള കാര്യങ്ങളിൽ രവിശങ്കർ നടത്തുന്ന അഭിപ്രായ പ്രകടനങ്ങൾതന്നെ ഇതിന്നു തെളിവാണ്.

ഈയിടെ എലക്ഷൻ കമ്മീഷൻ ശ്രീശ്രീ രവിശങ്കറിന്റെ ആർട്ട് ഓഫ് ലിവിങ് ഫൗണ്ടേഷന്ന് നൽകിയ താക്കീതും ഇതേ ഗണത്തിൽപെടുന്നു.

ഇവർ ഗുജറാത്തിൽ മന്ത്രനാദം എന്നൊരു പരിപാടി നടത്തിവന്നിരുന്നു. ഏതെങ്കിലും രാഷ്ട്രീയ കക്ഷിക്ക് പിന്തുണ സംഘടിപ്പിക്കാനായി ഈ പരിപാടി ദുരുപയോഗപ്പെടുത്തരുതെന്നാണ് എലക്ഷൻ കമ്മീഷൻ താക്കീത് നൽകിയത്.

മുസ്ലീമുകളുടേയും ക്രിസ്ത്യാനികളുടേയും കാര്യത്തിൽ ശ്രീശ്രീ രവിശങ്കർ കാണിക്കുന്ന മൗനം കൂടുതൽ വിശാലമായൊരു മൗനത്തിന്റെ പ്രതീകം മാത്രമാണ്. തങ്ങളുടെ മഹത്തായ മതത്തെ ആർ.എസ്.എസ്., വിശ്വഹിന്ദു പരിഷത്ത്, ബജ്റംഗദളം, രാംസേന, ശിവസേന, ബി.ജെ.പി. തുടങ്ങിയ സംഘടനകൾ വളച്ചൊടിക്കുകയും ദുർവ്യാഖ്യാനം ചെയ്യുകയും ചെയ്യുന്നതിൽ മിക്ക ഹൈന്ദവ നേതാക്കന്മാരും മൗനം ദീക്ഷിക്കുകയാണ് ചെയ്യുന്നത്.

എവിടെയെങ്കിലും ഭീകരാക്രമണമുണ്ടായാൽ, അത് ഏതെങ്കിലും ജിഹാദി ഗ്രൂപ്പിന്റെ പണിയാണെന്ന് സംശയം ജനിച്ചാൽ, ഡസൻകണക്കിന് മുസ്ലിം നേതാക്കന്മാർ അതിനെ അപലപിച്ചു കൊണ്ട് പ്രസ്താവനയിറക്കാറുണ്ട്. (നമ്മുടെ മാധ്യമങ്ങൾ ഈ പ്രസ്താവനകളെയെല്ലാം അവഗണിക്കുകയാണ് പതിവെന്നത് വേറൊരുകാര്യം). എന്നാൽ 2002ൽ ഹൈന്ദവ സംഘടനകളാണെന്ന് അവകാശപ്പെടുന്ന ചില സംഘടനകൾ ഗുജറാത്തിൽ കൂട്ടക്കൊല നടത്തിയപ്പോൾ, ഒരു ഹൈന്ദവ നേതാവുപോലും നിവർന്നുനിന്ന് അതിനെ അപലപിക്കാനുണ്ടായില്ല! അഹിംസക്ക് ജന്മം നൽകിയ, അഹിംസ ആഴത്തിൽ വേരോടിയ, മൊറാറിബാപ്പു, അസാരംബാപ്പു തുടങ്ങിയവർ പ്രവർത്തിക്കുന്ന, സ്വാമി നാരായണൻ പോലെയുള്ള മതവിഭാഗക്കാർ ലക്ഷക്കണക്കിനുള്ള ഒരു നാട്ടിലാണ് ഈ കൂട്ടക്കൊല നടന്നതെന്നോർക്കണം. എന്നിട്ടും അതിനെ അപലപിക്കാൻ ഒരാചാര്യനുമുണ്ടായില്ല!

ഈ മൗനത്തിന്നും മുഖ്യമന്ത്രി നരേന്ദ്രമോഡിയുടെ പെരുമാറ്റത്തിന്നും തമ്മിൽ ബന്ധമുണ്ടോ? 1984ൽ സിക്കുകാർക്കെതിരെ നടന്ന നരവേട്ട സംബന്ധിച്ച് കോൺഗ്രസ് ഈയിടെ ക്ഷമാപണം നടത്തുകയുണ്ടായി. ഈയിരെ ഒരു ടെലിവിഷൻ അഭിമുഖ സംഭാഷണത്തിൽ പത്രലേഖകൻ ഇക്കാര്യം ചൂണ്ടിക്കാട്ടുകയും ഗുജറാത്തിലെ നടവേട്ടക്കും ക്ഷമാപണം നടത്തുമോ എന്നു ചോദിക്കുകയും ചെയ്തു. താൻ പലർക്കും അഭിമുഖസംഭാഷണത്തിന്ന് അവസരം നൽകിയിട്ടുണ്ടെന്നായിരുന്നു മോഡിയുടെ മറുപടി. ഇതിനെന്താണർത്ഥമെന്നു ചോദിച്ചപ്പോൾ മോഡി മിണ്ടിയില്ല. പത്രലേഖകൻ വിട്ടില്ല. ക്ഷമാപണത്തിന്ന് ഉദ്ദേശമുണ്ടോ എന്ന് കുത്തി ചോദിച്ചപ്പോൾ, മോഡി വെള്ളത്തിന്നുവേണ്ടി ആംഗ്യം കാണിക്കുകയാണ് ചെയ്തത്. പിന്നീട് ഈ വിഷയത്തെപ്പറ്റി അദ്ദേഹം ഒരക്ഷരം മിണ്ടിയില്ല.

തങ്ങൾ അധികാരത്തിൽവന്നാൽ എല്ലാ മതനേതാക്കന്മാരേയും ഉൾപ്പെടുത്തി ഒരു ഉപദേശക സമിതിയുണ്ടാക്കുമെന്ന് ബി.ജെ.പി. പറയുന്നു. ഇതു സംബന്ധിച്ച കത്ത് 1000 മതനേതാക്കൾക്ക് അയച്ചിട്ടുണ്ട് എന്നാണ് ബി.ജെ.പി.യുടെ പ്രധാനമന്ത്രിപദ സ്ഥാനാർത്ഥിയായ എൽ.കെ. അദ്വാനി പറയുന്നത്. ഇങ്ങനെ ഒരു ഉപദേശക സമിതി രൂപീകരിച്ചാൽതന്നെ എന്താണ് കാര്യം! ഗുജറാത്തിലും ഒറീസയിലും കൂട്ടക്കൊല നടന്നപ്പോൾ മൗനം പാലിച്ചവർ ഏതു ഉപദേശകസമിതിയിൽ വന്നാലും മൗനം ദീക്ഷിക്കുകയല്ലേ ചെയ്യൂ?

ഭരണഘടന പ്രകാരം ഇന്ത്യ ഒരു മതേതര രാജ്യമാണ്; മതനേതാക്കന്മാരുടെ സമിതികൾക്ക് നയിക്കുകയും നിയന്ത്രിക്കുകയും ചെയ്യാവുന്ന ഒന്നല്ല ഇന്ത്യ. അഥവാ ഇനി ഇത്തരമൊരു ഉപദേശക സമിതി സ്ഥാപിതമായാൽതന്നെ, അത് ➡ എളുപ്പത്തിൽ രൂപഭേദംവന്ന് ഒരു താലിബാനായിത്തീരും.

NDTV എന്ന ടെലിവിഷൻ ചാനൽ അതിന്റെ ഇക്കൊല്ലത്തെ ആയുഷ്ക്കാല നേട്ടത്തിന്നുള്ള അവാർഡിന്ന് തിരഞ്ഞെടുത്തത് അദ്വാനിയെയായിരുന്നു. ഈ സമ്മാനദാനവുമായി ബന്ധപ്പെട്ട് പ്രണയറോയ് അദ്വാനിയോട് ചില ചോദ്യങ്ങൾ ചോദിച്ചു. തന്റെ ഏറ്റവും വലിയ "നേട്ട"മായി അദ്വാനി കരുതുന്നതെന്താണെന്നായിരുന്നു ഒരു ചോദ്യം. അയോധ്യാ പ്രക്ഷോഭവുമായി ബന്ധപ്പെട്ടു നടത്തിയ രഥയാത്രയാണ് അദ്വാനി ഏറ്റവും വലിയ നേട്ടമായി കരുതുന്നതെന്നായിരുന്നു മറുപടി. ഇതാണ് ബാബറി മസ്ജിദ് തകർക്കുന്നതിലെത്തിയത്. തന്റെ ജീവിതത്തിലെ ഏറ്റവും ദു:ഖകരമായ ദിവസം എന്നാണ് ബാബറി മസ്ജിദിനെ തകർത്തതിനെപ്പറ്റി അദ്വാനി മുമ്പൊരിക്കൽ പറഞ്ഞിരുന്നത്.

അദ്വാനിക്ക് തന്റെ ജീവിതത്തിൽ ഏറ്റവുമധികം ഖേദമുണ്ടാക്കിയതെന്താണ് എന്ന് പ്രണയറോയ് ചോദിച്ചപ്പോൾ അദ്വാനി പറഞ്ഞ മറുപടി എന്താണെന്നോ? ഒട്ടേറെ അഴിമതിക്കാരുള്ള വർഗ്ഗത്തിൽ പെട്ടതാണ് തന്റെ തൊഴിൽ എന്നായിരുന്നു മറുപടി. ❑

# ചിലിയിലെ വെള്ള കച്ചവടം വരുത്തിയ വിന

**- അലക്സി ബരിയോനോവോ -**

**ലോ**കത്തിലെ ഏറ്റവും വരണ്ട പ്രദേശമായി റിക്കാർഡു പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത് ചിലിയിലെ ഖില്ലാഗ്വയാണ്. ഇതിപ്പോൾ പെട്ടെന്നുണ്ടായ പ്രതിഭാസമല്ല; നാൽപ്പതു കൊല്ലമായി ഇതാണ് സ്ഥിതി. അങ്ങകലെ കുന്നുകളിൽ മഴ ചാറുന്നതുപോലെ തോന്നും. പക്ഷെ അതൊന്നും ഭൂമിയിലെത്തില്ല. വായുവിൽ വച്ചുതന്നെ അത് നീരാവിയായി പോകും, ഒരു മരീചിക പോലെ.

എന്നിട്ടും ഈ കൊച്ചു പട്ടണം നില നിന്നതിന്നുകാരണം ഈ പ്രദേശത്തു കൂടി ഒഴുകിയിരുന്ന ഒരു നദിയായിരുന്നു. അങ്ങകലെയുള്ള മരുഭൂമിയിലെ മരുപച്ചയിലേക്ക് ഒഴുകുന്ന നദി. പക്ഷെ ഇപ്പോൾ അതുമില്ല. നദിയിലെ വെള്ളത്തിലധികവും അപ്പുറത്തുള്ള ഒരു ഖനന കമ്പനി ഗവർമ്മേണ്ടിൽ നിന്ന് വാങ്ങിയിരിക്കുകയാണ്. അവശേഷിക്കുന്ന അൽപം ജലം പോലും കമ്പനിയിൽ നിന്നുള്ള മലിന ജലത്താൽ നിരുപയോഗമായിരിക്കുന്നു.

ചിലിയിലിപ്പോൾ ഒരു ജലയുദ്ധം നടന്നു കൊണ്ടിരിക്കുകയാണ്. ഖില്ലാഗ്വയെപ്പോലെ വേറേയും പലപട്ടണങ്ങളും വെള്ളത്തിന്നു വേണ്ടി പോരാടിക്കൊണ്ടിരിക്കുന്നുണ്ട്. ജലം ഒരു പ്രകൃതി വിഭവമാകയാൽ അത് ഇഷ്ടം പോലെ കൈകാര്യം ചെയ്യാൻ ഗവർമ്മേണ്ടിന്ന് അധികാരമുണ്ടെന്ന് ഗവർമ്മേണ്ട് പറയുന്നു. ഇത്രയും ഉദാരമായി വെള്ളം വാങ്ങുകയും വിൽക്കുകയും ചെയ്യാവുന്ന ഒരു നാട് വേറെയില്ല. ഇങ്ങനെ വെള്ളം വാങ്ങിക്കൂട്ടിയ കമ്പനികൾ ഏറെയാണ്. സ്പെയിനിലെ ഒരു ജലവൈദ്യുതി കമ്പനിയായ എൻഡേസ തെക്കൻ ചിലിയിലെ വെള്ളത്തിൽ 80 ശതമാനവും സ്വന്തമാക്കിയിരിക്കുന്നു.

വടക്കൻ ചിലിയിലാകട്ടെ വൻകിട കർഷകരും ഖനകമ്പനികളും തമ്മിൽ

കിടമത്സരമാണ്. പുഴകളെല്ലാം ഇവർ കയ്യടക്കുന്നു. ഖില്ലാഗ്വ പോലെയുള്ള പട്ടണങ്ങൾ കുടിനീർ പോലും ലഭിക്കാതെ നരകിക്കുകയാണ്. ഖില്ലാഗ്വയിലെ കൃഷിക്കു വെള്ളവും മീൻപിടുത്ത സൗകര്യവും പ്രദാനം ചെയ്തിരുന്ന ലോവ നദി ഇപ്പോൾ വറ്റി വരണ്ടു കിടപ്പാണ്. ഇരുപതു കൊല്ലം മുമ്പുണ്ടായിരുന്ന ജനസംഖ്യയുടെ അഞ്ചിലൊന്നേ ഇപ്പോൾ ഇവിടെ അവശേഷിക്കുന്നുള്ളു.

ചിലിയിലെ വെള്ളക്കച്ചവടം നിലവിൽ വന്നത് 1981ലാണ്. അന്നിവിടെ പട്ടാള ഭരണമായിരുന്നു. ഈ സംവിധാനത്തെ പ്രശംസിക്കാനും സാമ്പത്തിക വിദഗ്ധർ ഏറെയുണ്ടായിരുന്നു. സ്വതന്ത്രവ്യാപാരത്തിന്നൊരു ഉത്തമ മാതൃകയായിട്ടാണവർ ഇതിനെ ചൂണ്ടിക്കാണിച്ചത്.

പരിസ്ഥിതി വാദികൾ ഇതിനെ ആദ്യം മുതൽക്കേ എതിർത്തുവന്നിരുന്നു. ആസ്ത്രേലിയയിലും പശ്ചിമ അമേരിക്കൻ സംസ്ഥാനങ്ങളിലും ഏതാണ്ട് ഇത്തരം വെള്ളക്കച്ചവടമുണ്ട് പക്ഷെ അവിടെ കർക്കശമായ നിയന്ത്രണമുണ്ട്.

ഗിന്നസ്ബുക്ക് പ്രസിദ്ധീകരിക്കുന്ന ലോകറെക്കോർഡുകളിൽ "ലോകത്തിലെ ഏറ്റവും വരണ്ട പ്രദേശ"മായി കഴിഞ്ഞ 37 കൊല്ലമായി കൊടുത്തുവരുന്നത് ഖില്ലാഗ്വയാണ്. ലോവ നദിയുള്ളതുകൊണ്ട് 1940 കളിൽ ഖില്ലാഗ്വ സമ്പദ്സമൃദ്ധമായിരുന്നു. 800 ജനങ്ങൾ ഇവടെയുണ്ടായിരുന്നു. ഈ വഴിക്ക് ഒരു തീവണ്ടി പോലും ഉണ്ടായിരുന്നു. ഇപ്പോൾ റെയിൽവേ സ്റ്റേഷൻ പൂട്ടി. 120 കുട്ടികൾ പഠിച്ചിരുന്ന സ്കൂളിൽ ഇപ്പോൾ 16 കുട്ടികളേയുള്ളു.

1987ൽ പട്ടാള ഗവർമ്മേണ്ട് ഖില്ലാഗ്വക്കുള്ള വെള്ളം മൂന്നിൽ രണ്ടു ഭാഗത്തിലേറെ വെട്ടിക്കുറച്ചതോടെയാണ് ഖില്ലാഗ്വയുടെ ശനിദശയാരംഭിച്ചത്. 1997ലും 2000ലും ഖനികളിൽനിന്നുള്ള മലിനജലം ശേഷിക്കുന്ന ജലത്തെക്കൂടി മലിനമാക്കി. അതോടെ കൃഷി നടത്താനോ കന്നുകാലികളെ വളർത്താനോ നിവൃത്തിയില്ലെന്നായി. ഒരു പ്രാഥമിക പഠനം നടത്തിയപ്പോൾ സർക്കാർ വക ചെമ്പുഖനിയിൽ നിന്നുള്ള മലിനജലമാണ് വെള്ളത്തെ നിരുപയോഗമാക്കിയെതെന്നു കണ്ടു. തടുർന്ന് സർക്കാർ ചില ജർമ്മൻ പ്രൊഫസർമാരെക്കൊണ്ട് അന്വേഷിപ്പിച്ചു. മലിനീകരണം "സ്വാഭാവിക"മാണെന്നാണ് അവർ വിധിയെഴുതിയത്. ഇതിനെപ്പറ്റി ഗവർമ്മേണ്ടിന്റെ വിവിധ വകുപ്പുകൾ തമ്മിൽ തർക്കമായി. പ്രകൃതി വെള്ളത്തെ മലിനമാക്കില്ലെന്നും, മനുഷൻ മാത്രമേ മലിനമാക്കൂ എന്നും കൃഷിവകുപ്പ് വാദിച്ചു. ഏതായാലും ഘനലോഹങ്ങളുടെ സാന്നിധ്യം മൂലം കൃഷി നശിച്ചു. കന്നുകാലികൾക്കു പോലും കുടിക്കാൻ വെള്ളമില്ലാതായി. (ടൗണിലെ ജനങ്ങൾക്കുള്ള കുടിനീർ ദശകങ്ങളായി പുറമെനിന്ന് ലോറികളിൽ കൊണ്ടുവന്നു വിതരണം ചെയ്യുകയാണ്.)

ലോകത്തിലെ ഏറ്റവും വലിയ ചെമ്പുഖനിയായ "കോഡെൽ കോ" ആണ് ഖനനം നടത്തുന്നത്. ഇതൊരു സർക്കാർ കമ്പനിയുമാണ്. ജലമലിനീകരണത്തിൽ തങ്ങൾക്കൊരു പങ്കുമില്ലെന്നും പേമാരിയുണ്ടാകുന്ന അവസരങ്ങളിൽ ഘനലോഹങ്ങൾ ഒലിച്ചിറങ്ങുന്നതാണെന്നുമാണ് അവരുടെ വാദം. ഏതായാലും ഈ തർക്കം ആർക്കും ഒരു ഗുണവും ചെയ്യുന്നില്ല. കൃഷിചെയ്യാൻ നിവൃത്തിയില്ലാത്തതിനാൽ മിക്കവരും നാടുവിടുന്നു. അവശേഷിക്കുന്ന ജനങ്ങളിൽ മിക്കവരും 50 വയസ്സു കഴിഞ്ഞവരാണ്.

എന്തുവന്നാലും നാടുവിടില്ലെന്നു വാശിപിടിച്ചു കഴിയുന്ന കുറച്ചു പേരാണ് ഇനി ഖില്ലാഗ്വയിൽ അവശേഷിക്കുന്നത്. ഹോട്ടലുടമയായ പലാപെ പഴയ നല്ലകാലം തിരിച്ചുവരുമെന്ന് ➡ ആശിക്കുന്നു. ഖില്ലാഗ്വയിലും പരിസരങ്ങളിലുമായി കൊള്ളിമീൻ (ഉൽക്ക) പതിച്ചതിന്റെ 108 കുഴികളുണ്ട്. അതു കാണാൻ ധാരാളം ടൂറിസ്റ്റുകളെത്താറുണ്ടായിരുന്നു. ഈ ടൂറിസ്റ്റുകളൊക്കെ വീണ്ടും എത്തുമെന്ന് അദ്ദേഹം ആശിക്കുന്നു.

പലാപെയുടെ സഹോദരി ഗ്ലോറിയയും സ്വദേശ ചരിത്രത്തിൽ അഭിമാനം കൊള്ളുന്നു. "ലോകത്തിലെ ഏറ്റവും വരണ്ട പ്രദേശത്ത് ജീവിക്കണമെങ്കിൽ അതിന്നു കുറച്ച് വഴക്കമെല്ലാം വേണം. ഞങ്ങൾ വിടാൻ ഭാവമില്ല" എന്ന് അവർ പറഞ്ഞു. ❑

# ഉജ്ജ്വലമായ വിധികളുടെ കർത്താവ് വിരമിച്ചു

നമ്മുടെ കോടതികളിൽ തല നരച്ച ജഡ്ജിമാർ വിരമിക്കാറുണ്ട്; പകരം ചെറുപ്പക്കാരായ ജഡ്ജിമാർ എത്താറുമുണ്ട്. ഈ വരവും പോക്കുമൊന്നും സാധാരണ ഗതിയിൽ വാർത്തയാകാറില്ല. സൽപേരുകൊണ്ടോ ദുഷ്പേരുകൊണ്ടോ അപൂർവ്വം ചിലർ ചരിത്രത്തിന്റെ ഏടുകളിൽ കയറി സ്ഥാനമുറപ്പിക്കാറുണ്ട്. അത്തരത്തിൽ "അപൂർവ്വത്തിൽ അപൂർവ്വ"മായ ഒരാളാണ് മേയ് 10ന്ന് സുപ്രീം കോടതിയിൽനിന്ന് റിട്ടയർ ചെയ്ത ജ: അരിജിത് പസ്സായത്. കഠിനാധ്വാനം, തികഞ്ഞ ആർജ്ജവബുദ്ധി, പാവങ്ങളോടുള്ള ദയാലുത്വം എന്നിവ പസ്സായതിന്റെ ഔദ്യോഗിക ജീവിതത്തിന്ന് തിളക്കമേറ്റുന്നു.



ജ: അരിജിത് പസ്സായത്

2001ൽ സുപ്രീം കോടതിയിലെ ജഡ്ജിയായി നിയമിതനായ പസ്സായത് ഇതിന്നകം 2300ൽപരം കേസുകളിൽ വിധി പറഞ്ഞിട്ടുണ്ട്. ഏറ്റവും സങ്കീർണ്ണമായ കേസുകളിൽപോലും നെല്ലും പതിരും വേർതിരിച്ചെടുത്ത് വിധി പറയാനുള്ള പസ്സായതിന്റെ കഴിവ് അത്ഭുതാവഹമായിരുന്നു. പസ്സായതിന്റെ പ്രാധാന വിധികളെല്ലാം ഉൾപ്പെടുത്തി ഒരു ഗ്രന്ഥമായി പ്രസിദ്ധീകരിക്കുന്ന പക്ഷം നീതിന്യായരംഗത്ത് കാൽകുത്താൻ ആഗ്രഹിക്കുന്നവർക്ക് അതൊരു മാർഗ്ഗദർശിയാകും.

പസ്സായതിന്റെ വിധികളിൽ ഏതാണ് മികച്ചതെന്നു പറയുക വിഷമമാണ്. സൗന്ദര്യമെന്നത് കാണുന്നവന്റെ കാഴ്ചപ്പാടിലാണെന്ന് പറയാറുള്ളതുപോലെ, ഇതും വായനക്കാരന്റെ താൽപര്യമനുസരിച്ച് വ്യത്യസ്തമായി തോന്നാം. പ്രകാശ് സിങ് ബാദലിന്നെതിരായ അഴിമതിക്കേസ് വന്നപ്പോൾ, കേസെടുക്കാൻ ഗവർമ്മേണ്ടിന്റെ അനുമതി വാങ്ങണമെന്ന് വക്കീൽ വാദിച്ചു. അതിന്റെ ഒരാവശ്യവുമില്ലെന്നായിരുന്നു പസ്സായതിന്റെ കല്പന. കാരണം, അഴി

മതി കാണിക്കുന്നത് ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽപെട്ടതല്ല. സർക്കാർ ഉദ്യോഗസ്ഥനെതിരെ കേസെടുക്കുന്നതിന്നുമുമ്പ് സർക്കാറിന്റെ അനുമതി വാങ്ങണമെന്ന വ്യവസ്ഥയുടെ അർത്ഥം സർക്കാരുദ്യോഗസ്ഥന്റെ പ്രവൃത്തികളെല്ലാം സർക്കാരിന്നു വേണ്ടിയുള്ള സേവനമാണ് എന്നാണ്. അഴിമതി കാണിക്കൽ സർക്കാർ സേവനത്തിൽ പെടില്ല. അതുകൊണ്ടുതന്നെ സർക്കാറിന്റെ അനുമതി ആവശ്യവുമില്ല.

ഗുജറാത്തിലെ ബസ്റ്റ് ബേക്കറിക്കേസിൽ പുനർവിചാരണ നടത്താൻ കല്പന നൽകിയതോടെയാണ് പസ്സായത് ശ്രദ്ധേയനായത്. 2002ൽ ഗുജറാത്തിൽ മുസ്ലീമുകൾക്കെതിരായി നടന്ന നരവേട്ടയിലെ ഭീകരസംഭവങ്ങളിലൊന്നായിരുന്നു ബെസ്റ്റ് ബേക്കറി സംഭവം. വഡോദരയിലെ ബെസ്റ്റ് ബേക്കറി തീവെച്ചു നശിപ്പിച്ചതിൽപെട്ട് 14 പേർ വെന്തുമരിച്ചിരുന്നു. 21 പേരെ പ്രതിചേർത്ത് പോലീസ് ഒരു കേസ് ചാർജ് ചെയ്തിരുന്നുവെങ്കിലും വഡോദരയിലെ കോടതി എല്ലാവരേയും വെറുതെവിട്ടു. ഇതിന്നെതിരായ അപ്പീൽ ഹൈക്കോടതിയും തള്ളുകയാണുണ്ടായത്. കൊല്ലപ്പെട്ടവരുടെ ബന്ധുവായ സഹീറയുടെ ഹരജി സുപ്രീം കോടതി അനുവദിക്കുകയും കേസിന്റെ വിചാരണ മഹാരാഷ്ട്രത്തിൽ നടത്താൻ കല്പിക്കുകയും ചെയ്തു.

ഇതു സംബന്ധിച്ച വിധിയിൽ സംസ്ഥാന ഗവർമ്മേണ്ടിനേയും ഹൈക്കോടതിയേയും സുപ്രീം കോടതി നിശിതമായി വിമർശിച്ചു. അന്ന് പസ്സായത് എഴുതിയ വിധിയിലാണ് ഗുജറാത്ത് സർക്കാരിനെ "നീറോ"വുമായി താരതമ്യപ്പെടുത്തിയത്. (അതിക്രൂരനായ റോമൻ ചക്രവർത്തിയായിരുന്നു നീറോ. റോമിന്ന് തീ പിടിച്ചപ്പോൾ നീറോ വീണ വായിക്കുകയായിരുന്നെന്ന് ഐതിഹ്യം.) പസ്സായതിന്റെ വിധിയിൽ ഇങ്ങനെ പറഞ്ഞു. "ജനങ്ങളുടെ ജീവന്നും സ്വത്തിന്നും സംരക്ഷണം നൽകാൻ ചുമതലപ്പെട്ടവർ, കേസന്വേഷണം ശരിയായും നീതിപൂർവ്വമായും നടത്താൻ ബാധ്യസ്ഥരായവർ, ഇതിലൊന്നും ഒരു താല്പര്യവും കാണിച്ചതായി കാണുന്നില്ല! ഒട്ടേറെ പേർക്ക് ജീവൻ നഷ്ടപ്പെട്ടു. ബെസ്റ്റ് ബേക്കറിയും നിർദ്ദോഷികളായ കുട്ടികളും നിസ്സഹായരായ സ്ത്രീകളും തീയിൽകിടന്നു പിടയുമ്പോൾ ആധുനിക നീറോമാർ എതിർവശത്തേക്ക് നോക്കി നില്പായിരുന്നു. ഈ പാതകങ്ങൾ കാണിച്ചവരെ എങ്ങനെ രക്ഷിക്കാമെന്നായിരുന്നിരിക്കണം അവരുടെ ചിന്ത."

കേസന്വേഷണമാകെ തകരാറിലാണെന്നും പോലീസ് പറയുന്നതൊക്കെ നുണയാണെന്നും ബോധ്യംവന്നിട്ടും ഗുജറാത്ത് ഹൈക്കോടതി പുനരന്വേഷണത്തിന്ന് കല്പന നൽകാതിരുന്നതെന്തുകൊണ്ടാണെന്ന് പസ്സായത് അത്ഭുതപ്പെട്ടു. കേസന്വേഷണം തൃപ്തികരമല്ലെന്നുകണ്ടാൽ കേസ് പുനരന്വേഷണത്തിന്ന് വിധേയമാക്കണമെന്ന് ക്രിമിനൽ നടപടിക്രമത്തിൽതന്നെ പറയുന്നുണ്ടെന്ന് കോടതി ചൂണ്ടിക്കാട്ടി.

2006ൽ മുംബായിൽ കേസിന്റെ വിചാരണ നടന്നപ്പോൾ പ്രതികളിൽ ഒമ്പതു പേരേയും കോടതി ജീവപര്യന്തം നടവിന്നു ശിക്ഷിച്ചുവെന്നതു തന്നെ സുപ്രീം കോടതിയുടെ നിരീക്ഷണം ശരിയായിരുന്നുവെന്ന് തെളിയിക്കുന്നു. ബെസ്റ്റ് ബേക്കറി കേസിലെ ശ്രദ്ധേയമായ വശം അന്യായക്കാരിയായ സഹീറയെ കള്ളസത്യം പറഞ്ഞതിന്ന് ശിക്ഷിച്ചുവെന്നതാണ്. കേസിന്റെ വിചാരണക്കിടയിൽ സഹീറ പല തവണ കാലുമാറുകയുണ്ടായി. രജിസ്ത്രാർ ജനറൽ നടത്തിയ അന്വേഷണത്തിൽ സഹീറ പറഞ്ഞതിൽ പലതും നുണയാണെന്നു തെളിഞ്ഞു. നരകത്തീയിൽകൂടി കടന്നുപോരേണ്ടിവന്ന യുവതിയാണ് സഹീറയെന്ന മൃദുലവികാരമൊന്നും ജ: പസ്സായതിനെ സ്വാധീനിച്ചില്ല. കള്ളസത്യം പറഞ്ഞതിന്ന് അവർക്ക് ഒരു കൊല്ലത്തെ തടവുശിക്ഷ അദ്ദേഹം വിധിച്ചു.

നിർദ്ദോഷികൾക്കെതിരെ നിയമം ദുരുപയോഗപ്പെടുത്തുന്നതിന്നെതിരായും ജ: പസ്സായത് ജാഗരൂകനായിരുന്നു. സാമൂഹ്യക്ഷേമത്തെ ലാക്കാക്കി പാർലിമെന്റ് പാസ്സാക്കിയ നിയമങ്ങളിൽ പലതും നിർദ്ദോഷികളെ വേട്ടയാടാൻ ഉപയോഗിക്കാവുന്നവയാണ്. ഇതിൽ പ്രധാനപ്പെട്ട ഒന്നാണ് സ്ത്രീധന നിയമം. ഒരു വിവാഹം പരാജയപ്പെടുമ്പോൾ പെൺകുട്ടിയുടെ മാതാപിതാക്കൾ വരന്റെ കുടുംബത്തിന്നെതിരെ പല ആരോപണങ്ങളും ഉന്നയിക്കും. അത് കേസാകും. തങ്ങളല്ല ഉത്തരവാദികൾ എന്നു തെളിയിക്കേണ്ട ഭാരം വരന്റെ പക്ഷത്തുള്ളവർക്കാണ്.

സാമൂഹ്യ തിന്മകൾക്ക് നിവാരണമുണ്ടാക്കാനായി പാസാക്കുന്ന ഇത്തരം നിയമങ്ങൾ നിർദ്ദോഷികളുടെ സൽപേരിനെ കെടുത്താനായി ഉപയോഗിക്കുന്നതിന്നെതിരെ ജ: പസ്സായത് എന്നും ജാഗ്രത പുലർത്തിയിരുന്നു.

ജ: പസ്സായതിന്റെ ഏറ്റവും ഒടുവിലത്തെ തീരുമാനങ്ങളിലൊന്ന് ഗോധ്രകേസുകൾ വിചാരണചെയ്യാൻ ആറു അതിവേഗ കോടതികൾ ഏർപ്പെടുത്താനുള്ളതായിരുന്നു. ഗോധ്ര കേസുകൾ അഞ്ചു കൊല്ലമായി സ്റ്റേയിൽ കിടക്കുകയായിരുന്നു. ജ: പസ്സായത് ആ സ്റ്റേ ഒഴിവാക്കുകയും അതിവേഗ കോടതികളെ നിയോഗിക്കുകയും ചെയ്തു. സി.ബി.ഐ.യുടെ മുൻ ഡയറക്ടറായ ആർ.കെ. രാഘവന്റെ നേതൃത്വത്തിലുള്ള പ്രത്യേകാന്വേഷണ സംഘത്തിൽ ജ: പസ്സായത് വിശ്വാസമർപ്പിക്കുകയും അതിവേഗ കോടതികളിലെ കേസ് നടത്തിപ്പിന്റെ മേൽനോട്ടം വഹിക്കാൻ ജ: പസ്സായത് അവരെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

കുറ്റത്തിന്നും ശിക്ഷക്കും തമ്മിൽ "ആനുപാതികബന്ധം" വേണമെന്ന് ജ: പസ്സായത് ഒരു വിധിയിൽ ഓർമ്മിപ്പിച്ചിരുന്നു. കൊലപാതകം, ബലാത്സംഗം തുടങ്ങിയ ഭീകരമായ കുറ്റങ്ങൾക്ക് കടുത്ത ശിക്ഷതന്നെ നൽകണമെന്ന് അദ്ദേഹം വിധിച്ചു.

"സമര"ത്തിന്റെ പേരിൽ പൊതുമുതൽ നശിപ്പിക്കുന്നതിന്നെതിരായുള്ളതാണ് ജ: പസ്സായതിന്റെ മറ്റൊരു വിധി. ഈയിടെ രാജസ്ഥാനിൽ ഗുജ്ജാർ സമുദായക്കാർ തങ്ങളെ പട്ടികജാതിയിൽ പെടുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് ഒരു സമരം നടത്തി. ഒരുപാട് പൊതുമുതൽ അവർ നശിപ്പിച്ചു. അതുകണ്ട് ക്ഷമകെട്ട് ജ: പസ്സായത്ത് അത് സ്വയമൊരു കേസായെടുക്കുകയും അതിന്റെ വ്യാപ്തി വികസിപ്പിക്കുകയും ചെയ്തു. സമരത്തിന്ന് നേതൃത്വം നൽകിയവരിൽനിന്ന് നഷ്ടം ഈടാക്കാൻ അദ്ദേഹം കല്പിച്ചു. ഇത്തരം സാഹചര്യങ്ങളെ നേരിടുന്നതിന്ന് അദ്ദേഹം സംസ്ഥാനങ്ങൾക്കാവശ്യമായ മാർഗ്ഗനിർദ്ദേശവും നൽകി.

വിദ്യാർത്ഥി യൂണിയൻ തിരഞ്ഞെടുപ്പു സംബന്ധിച്ച് അദ്ദേഹം വിദ്യാലയങ്ങൾക്ക് മാർഗ്ഗദർശനം നൽകിയിട്ടുണ്ട്. രാഷ്ട്രീയ കക്ഷികൾ സ്വാർത്ഥലക്ഷ്യം നേടാനായി വിദ്യാലയങ്ങളെ ഉപയോഗപ്പെടുത്തരുത്. ഈയിടെ റാഗിങ്ങിന്ന് അറുതി വരുത്താനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കാൻ അദ്ദേഹം ആർ.കെ. രാഘവന്റെ നേതൃത്വത്തിലുള്ള ഒരു കമ്മിറ്റിയേയും നിയോഗിക്കുകയുണ്ടായി.

നീതിന്യായലോകത്തിൽ ഇരുൾ മൂടിക്കെട്ടിക്കൊണ്ടിരിക്കുന്നതിന്നിടയിൽ സാധാരണ പൗരന്മാർക്ക് ആശാകിരണം പ്രദാനം ചെയ്തിരുന്ന ഒരു ശുക്രനക്ഷത്രമായിരുന്നു ജ: അരിജിത് പസ്സായത്. ❑

Reg. No.3551/93/L Dis Registered: KL/CR/TCR/347/2009-2011
Posted at R.M.S., Thrissur-21. Date of posting: 28-05-2009

# ആഫ്രിക്കൻ പ്രകൃതിവിഭവങ്ങൾ കൊള്ളക്കാർക്കൊരു അനുഗ്രഹം

**ആ**ഫ്രിക്കയിൽ സൽഭരണം നടത്തുന്നവർക്ക് അവാർഡ് നൽകാനുള്ളതാണ് മോ ഇബ്രാഹിം ഫൗണ്ടേഷൻ. ഇക്കൊല്ലത്തെ അവാർഡിന്ന് തിരഞ്ഞെടുക്കപ്പെട്ടതാകട്ടെ, ബോട്സ്വാനയുടെ മുൻ പ്രസിഡണ്ടായ ഫെസ്റ്റസ് മോഗയേയാണ്.

ആഫ്രിക്കയുടെ തെക്കുഭാഗത്ത് കിടക്കുന്ന ചെറിയൊരു രാജ്യമാണ് ബോട്സ്വാന. കഴിഞ്ഞ ചില ദശകങ്ങൾകൊണ്ട് ബോട്സ്വാന സൽഭരണത്തിന്നൊരു മാതൃകയായി രൂപം കൊണ്ടിട്ടുണ്ട്. അതിന്ന് ഉത്തരവാദിയായതാകട്ടെ, പ്രധാനമായും മോഗായേയായിരുന്നു.

ഒരു വികസ്വര രാജ്യത്തിന്റെ പ്രകൃതി വിഭവങ്ങൾ അതിന്റെ സാമ്പത്തിക വികസനത്തിന്നും ജനാധിപത്യപരമായ പരിഷ്ക്കാരങ്ങൾക്കുമുള്ള കരുവാക്കാമെന്ന് ബോട്സ്വാന തെളിയിക്കുന്നു.

പ്രകൃതിസമ്പത്തുകൊണ്ട് അനുഗ്രഹീതമായൊരു കൊച്ചുരാജ്യമാണ് ബോട്സ്വാന. അവിടത്തെ രത്നഖനികൾ പ്രസിദ്ധമാണ്. 1966 മുതൽ ബോട്സ്വാനയുടെ സാമ്പത്തിക വളർച്ച ശരാശരി ഒമ്പതു ശതമാനമാണ്. ഇതിൽനിന്നുള്ള മേന്മയിലധികവും ജനങ്ങൾതന്നെ അനുഭവിക്കുന്നു. പ്രകൃതിവിഭവങ്ങളിൽനിന്നുള്ള വരുമാനത്തിൽ മിക്കതും പൊതുമരാമത്തു പണികൾക്കാണ് വിനിയോഗിക്കുന്നത്.

ബോട്സ്വാനയുടേത് ഒരു ഒറ്റപ്പെട്ട കഥയല്ല. ഖനികൾക്കും ലോഹങ്ങൾക്കും വേണ്ടിയുള്ള ഇന്റർനാഷനൽ കൗൺസിൽ നടത്തിയ ഒരു പഠനത്തിൽ പഠനവിധേയമായ 33 രാജ്യങ്ങളിൽ ഏതാണ്ട് പകുതിക്കും പ്രകൃതിവിഭവങ്ങൾകൊണ്ട് ഗുണമുണ്ടായിട്ടുണ്ട്.

ഖനനകമ്പനികളുടെ പ്രവർത്തനം പല വ്യവസായങ്ങൾ ആരംഭിക്കാനും സഹായിക്കുന്നുണ്ട്. ഘാന, ടാൻസാദിയ, ചിലി. പെറു തുടങ്ങിയ പല രാജ്യങ്ങളും ഇതിന്നു ഉദാഹരണമാണ്. എന്നാൽ ഇതിനെയെല്ലാം വിമർശിക്കുന്നവരുമുണ്ട്. ഖനികൾ നടത്തുന്നവർക്ക് സ്വന്തം ലാഭത്തിലാണ് കൂടുതൽ വ്യഗ്രതയെന്ന് അവർ പറയുന്നു. ഖനന സമ്പത്തുള്ള രാജ്യങ്ങളെല്ലാം വിദേശികളുടെ കൊള്ളക്കും, ജനങ്ങളുടെ ദാരിദ്ര്യത്തിന്നും ഇരയായിട്ടുണ്ടെന്ന് അവർ ചൂണ്ടിക്കാട്ടുന്നു. ഏതായാലും മൊഗായേയുടെ ഭരണം മറ്റ് ആഫ്രിക്കൻ രാജ്യങ്ങൾക്ക് ഒരു പാഠമാകേണ്ടതാണ്. ❑

Printed and published by : **Adv. Seby J. Pullely for Niyama Samskara Kendram, Jananeethi**, P.B. No. 8, Thottappady, Mannuthy P.O., Thrissur - 680651. Tel: 487-2373479, Fax: 487-2373281, E-mail: gpneethi@sancharnet.in / gepuli@rediffmail.com www.jananeethi.org **Printing : St.Mary's Orphanage Offset Press, Thrissur. Ph : 2425062, 2446709**

**വരിസംഖ്യ**: വാർഷികം – 50 ക., ആയുഷ്കാലം – 1000 ക.